SATHYAM MINISTRIES
WE CARE FOR THE BODY & THE SOUL
ESTD: 1988
www.sathyam.org



# യേശുവിന്റെ ജീവവചനം

YESUVINTE JEEVAVACHANAM

Date of Publications : 25.04.2024
RNI Reg. No. KERMAL/2012/42077

PRICE:25/- VOL.NO:11 ISSUE NO:12 APRIL 2024 ANNUAL SUBSCRIPTION Rs. 100/-

## സൗത്ത് വെസ്റ്റ് ബ്രദറൺ കോൺഫറൻസ്

ഇവാ.റോയ് മാത്യു | ബ്രദർ ജെറി | ബ്രദർ തോമസ് സ്കെതെലച് | ബ്രദർ ഗ്രേസൻ ജോർജ്ജ്

**ഡെന്റൺ:** സൗത്ത് വെസ്റ്റ് ബ്രദറൺ കോൺഫറൻസിന്റെ ഈ വർഷത്തെ രജിസ്ട്രേഷൻ ഔദ്യോഗികമായി ആരംഭിച്ചു. 2024 ലെ കോൺഫറൻസിലേക്കു ഇപ്പോൾ രജിസ്റ്റർ ചെയ്യാം.

2024 ജൂൺ 14, 15, & 16 തീയതികളിലാണ് ഈ വർഷത്തെ കോൺഫറൻസ് ക്രമീകരിച്ചിരിക്കുന്നത്. ജൂൺ 14 വെള്ളിയാഴ്ച ഉച്ചകഴിഞ്ഞ് 3 മണിക്ക് ഒന്നാം പ്ലീനറി സെഷനോടു കൂടെ കോൺഫറൻസ് ക്യാമ്പ് കോപാസ് (8200 ഇ മക്കിന്നി സെന്റ് ഡെന്റൺ TX 76208) ൽ ആരംഭിക്കും "ക്രിസ്തുവിന്റെ വിളി എത്ര മധുരമേറിയത്)" എന്നതാണ് തീം. (യോഹന്നാൻ 10:27)- എന്റെ ആടുകൾ എന്റെ ശബ്ദം കേൾക്കുന്നു, ഞാൻ അവയെ അറിയുകയും അവ എന്നെ അനുഗമിക്കയും ചെയ്യുന്നു എന്നതാണ് തീം വാക്യം. ഇവാ. റോയ് മാത്യു, ബ്രദർ തോമസ് സ്കെതെലിച്, ബ്രദർ ഗ്രേസൻ ജോർജ്ജ്, ബ്രദർ ജെറി മോഡിയിൽ എന്നിവരാണ് കോൺഫറൻസിൽ ക്ലാസ്സുകൾ നയിക്കുന്നത്. സൗത്ത് വെസ്റ്റ് ബ്രദറൺ സഭകളുടെ വളരെ പ്രമുഖമായ ഈ കോൺഫറൻസ് വ്യത്യസ്തത പുലർത്തുന്നതാണ്. സമകാലീക ചർച്ചകൾ, പരിചയ സമ്പന്നരാൽ നയിക്കപ്പെടുന്ന സെമിനാറുകൾ, യുവജനങ്ങൾക്കായും കുട്ടികൾക്കുമായി പ്രത്യേകം സെഷനുകൾ, ആത്മീയ ഉണർവിനായി സംഗീത പരിപാടികൾ, വ്യക്തിഗത പ്രതിഭകളെ കണ്ടെത്താനും അവരെ പ്രോത്സാഹിപ്പിക്കാനുമുള്ള അവസരങ്ങൾ അറിവു പകരുന്ന വിവിധ ക്ലാസ്സുകൾ, ചോദ്യോത്തര വേളകൾ, കൂട്ടായ്മയ്ക്കായുള്ള പ്രത്യകേ സമയം എന്നിവ കോൺഫറൻസിൽ ഉണ്ടായിരിക്കുന്നതാണ്.

## ന്യൂഡൽഹിയിൽ പുസ്തക മേളയൊരുക്കി സത്യം മിനിസ്ട്രീസ്

**ന്യൂഡൽഹി :** ഏപ്രിൽ 8 മുതൽ 14 വരെ ന്യൂഡഹി ആൽഫാ ഗാർഡനിൽ സത്യം പബ്ലിക്കേഷൻസ് ഒരുക്കിയ പുസ്തകമേള നടന്നു. സത്യം പബ്ലിക്കേഷൻസിന്റെ പുതിയ പുസ്തകശാല ഉദ്ഘാടനത്തോടനുബന്ധിച്ചായിരുന്നു പുസ്തകമേള ക്രമീകരിച്ചത്. നിരവധി ഇന്ത്യൻ ഭാഷകളിലുള്ള പുസ്കങ്ങൾ ബുക്ക്ഫെയറിനെ ആകർഷണീയമാക്കി, നോർത്ത് ഇന്ത്യയിൽ സ്ഥിരതാമസമാക്കിയ വായനയെ ഇഷ്ട്ടപ്പെടുന്ന അനേകമാളുകൾ ഈ ബുക്ക്ഫെയർ വളരെ പ്രയോജനകരമായിരുന്നു എന്നഭിപ്രായപ്പെട്ടു. പല ഭാഷകളിലെ ബൈ ബിളുകൾ, പുസ്തകങ്ങൾ, ചർച്ച് മെറ്റീരിയൽസ് എന്നിവയൊ ക്കെ ബുക്ക്ഫെയറിന്റെ ഭാഗമായി ഒരുക്കിയിരുന്നു.


## മണിപ്പൂർ സംഗീത സദ്യ മണിപ്പൂർ ഡയറി പ്രദർശിപ്പിച്ചു

**തിരുവല്ല :** കലാപ ബാധിത പ്രദേശമായ മണിപ്പൂരിൽ നിന്നും എത്തിച്ചേർന്ന വിദ്യാത്ഥികൾ സത്യകൂടാരത്തിൽ ഏപ്രിൽ 20ന് മണിപ്പൂരി സംഗീത സദ്യ ഒരുക്കി. മണിപ്പൂരിൽ സംഭവിച്ച ദാരുണമായ സംഭവങ്ങൾ വിവരിക്കുന്ന മണിപ്പൂർ ഡയറി വീഡിയോ സമ്മേളനത്തിൽ പ്രദർശിപ്പിച്ചു. മാസങ്ങളോളം നീണ്ടു നിന്ന കലാപത്തിൽ ഭാവി നഷ്ടമായ വിദ്യാർത്ഥികളാണിവർ. അവർക്കാവശ്യമായ വിദ്യാഭ്യാസം, പരി



പാലനം എന്നതാണ് ഞങ്ങളുടെ ലക്ഷ്യം. അവരോടൊപ്പം ചേർന്ന് ഒരു സായാഹ്നം ചെലവഴിക്കാനുള്ള അവസരം കൂടി ആയിരുന്നു ഈ സംഗീത സദ്യ. അവരുടെ അനുഭവങ്ങൾ വിദ്യാത്ഥികളുടെ അമ്മമാർ പങ്ക് വെച്ചു. സത്യം സർവീസ് ട്രസ്റ്റിന്റെ ചുമതലയിൽ മണിപ്പൂരിൽ കലാപം ആരംഭിച്ചപ്പോൾ മുതൽ റിലീഫ് പ്രവർത്തനങ്ങൾ ചെയ്തു വരികയായിരുന്നു, അതിന്റെ ഭാഗമായാണ് കുട്ടികളുടെ പഠനം സത്യം മിനിസ്ട്രീസ് ഏറ്റെടുത്തത്.

## ഐ. ബി. എഫ് കോൺഫറൻസ് ജൂലൈയിൽ




**മരിയോൺ:** ഈ വർഷത്തെ Indian Brethen Family Conference ജൂലൈ ബുധൻ 3 മുതൽ ജൂലൈ 7 ഞായർ വരെ മരിയോൺ ഇന്ത്യൻ വെസ്ലിയൻ യൂണിവേഴ്സിറ്റിയിൽ നടക്കും. യോഹന്നാൻ 8:31-32, തന്നിൽ വിശ്വസിച്ച യെഹൂദന്മാരോട് യേശു: എന്റെ വചനത്തിൽ നിലനില്ക്കുന്നു എങ്കിൽ നിങ്ങൾ വാസ്തമായി എന്റെ ശിഷ്യന്മാരായി, സത്യം അറികയും സത്യം നിങ്ങളെ സ്വതന്ത്രന്മാരാക്കുകയും ചെയ്യും എന്നു പറഞ്ഞു. എന്ന വചനത്തെ ആധാരമാക്കി "ശിഷ്യത്വം" എന്നതാണ് ഈ വർഷത്തെ കോൺഫറൻസിന്റെ തീം. ബ്രദർ വിജി റോബർട്ട് (കാനഡ), ബ്രദർ തോമസ് രാജൻ (ഡാളസ്) ബ്രദർ ജോൺ ഗ്ലോക്ക് (ഡുബൂക്ക്) എന്നിവരായിരിക്കം മുഖ്യപ്രഭാഷകർ. പുരുഷന്മാർക്കായി ഫെലോഷിപ്പ് മീറ്റിങ്ങുകൾ, വനിതാ കൂട്ടായ്മ യോഗം, കുട്ടികൾ ക്കായി വി. ബി. എസ്. യുവജന ക്ലാസുകൾ, പ്ലീനറി സെഷനുകൾ എന്നിവയും കോൺഫറൻസിന്റെ ഭാഗമായി നടക്കും. മെയ് മാസം മുതലാണ് കോൺഫറൻസിലേക്ക് രജിസ്ട്രേഷൻ ആരംഭിക്കുന്നത്.



SATHYAM MINISTRIES
WE CARE FOR THE BODY & THE SOUL
ESTD: 1988
www.sathyam.org

*ഡോ. സി.വി. വടവന*
(ചീഫ് എഡിറ്റർ)
*ഇ.എസ്. റെജി*
(സബ് എഡിറ്റർ)
*ഐസക്ക് സി. വടവന*
(മാനേജിംഗ് എഡിറ്റേഴ്സ്)
*ജസ്റ്റിൻ സി. വടവന*
(സർക്കുലേഷൻ മാനേജർ)

**പത്രാധിപ സമിതി**

*എ.വി. ജോൺ*
*ജിജോ അങ്കമാലി*
*ഡോ. സണ്ണി എഴുമറ്റൂർ*
*എൽസി ബേബി*

**ജീവവചനം**

*ഏറ്റവും പ്രചാരമുള്ള ബ്രദറൺ വാർത്താ മാസിക*
വാർഷിക വരിസംഖ്യ
ഇന്ത്യയിൽ 100 രൂപ
ആയുഷ്ക്കാല വരിസംഖ്യ
1000 രൂപ
USA $ 150
മറ്റു രാജ്യങ്ങൾ 5000 രൂപ

**വിലാസം**

**ജീവവചനം**
**സത്യം മിനിസ്ട്രീസ്**
**തോട്ടഭാഗം പി.ഒ.**
**തിരുവല്ല - 689541**
**ഫോൺ: 9447126182**

**USA**
Sathyam Ministries Intl.
1024 S MAIN ST, CORONA,
CALIFORNIA, 92882
UNITED STATES
PHONE:+1 951 751 6860

**AUSTRALIA**
Sathyam Publications
2 Reginald Ave
Arana Hills
4054 Australia
Phone : +61 424877742
Email:
admin@sathyamministry.org

**UAE**
Sathyam Publications
SPC Free Zone, E311,
Sheikh Mohammed Bin
Zayed Rd, Al Zahia,
Sharjah, U.A.E.
PHONE: 971 5047 650 10

EDITORIAL

# ഫലശൂന്യമായ അത്തിവൃക്ഷം

## ബ്രദർ സി.വി. വടവന



ദൈവത്തിനും മനുഷ്യർക്കും പ്രയോജനമില്ലാത്തവരായി ജീവിക്കുക എന്നതാണ് ക്രിസ്തീയ ജീവിതത്തിന്റെ ദുരന്തമായ വശം. ജീവനുള്ള ദൈവത്തിന്റെ സഭ ഇന്ന് ഫലം കായിക്കാത്ത അത്തികളെക്കൊണ്ട് നിറഞ്ഞിരിക്കുകയാണ്. പ്രയോജനരഹിതമായ ക്രിസ്തീയ ജീവിതത്തോടുള്ള ദൈവിക മനോഭാവം ഫലമില്ലാത്ത അത്തിയെക്കുറിച്ച് പറഞ്ഞിരിക്കുന്നതിലൂടെ മനസ്സിലാക്കുവാൻ കഴിയും. കർത്താവ് ആഗ്രഹിക്കുന്നത് ക്രിസ്തീയ സേവനങ്ങളിൽ കൂടെ നമ്മുടെ ജീവിതവും സാഫല്യമേറിയതായിത്തീരുവാനാണ്! രക്ഷിക്കപ്പെട്ട ഓരോ ദേഹിയെക്കുറിച്ചും, ദൈവത്തിന് കർത്താവായ യേശുവിനെക്കുറിച്ചുണ്ടായിരുന്നത്രയും സുനിശ്ചിതമായ പ്ലാനുകൾ ഉണ്ട്. വേദപുസ്തകത്തിൽ എവിടെ നോക്കിയാലും ഈ സത്യം കാണുവാൻ കഴിയും.

തന്റെ ജനം ഫലം കായ്ക്കുന്നവരായിരിക്കേണം എന്നു ദൈവം ആഗ്രഹിക്കുന്നു. ദൈവത്തിനുവേണ്ടി മറ്റുള്ളവരെ നേടുവാൻ കഴിയാത്ത ഒരു വിശ്വാസി നിഷ്ഫലമായ അത്തി വൃക്ഷത്തിന്റെ അതേ സ്ഥാനത്തു തന്നെയാണ് നില്ക്കുന്നത്. അത്തിവൃക്ഷവും വിശ്വാസിയും പ്രത്യേകമായ അനുഗ്രഹങ്ങളുടെ സ്ഥാനങ്ങളിലാണ് നിലനിൽക്കുന്നത്- അത്തിവൃക്ഷം ഒരു മുന്തിരിതോട്ടത്തിലാണ് നിന്നിരുന്നത്.

ഏതാവശ്യത്തിനായി ഈ അത്തിവൃക്ഷം നട്ടുവോ ആ ഉദ്ദേശ്യത്തിൽ അത് പരാജയപ്പെട്ടുപോയി. മുന്തിരിതോട്ടത്തിന്റെ ഉടമസ്ഥൻ കണ്ടതുപോലെ നമ്മിലും ഫലം ഒന്നും കാണാതിരിക്കുമോ? നമ്മുടെ ജീവിതത്തിലെ ഏറ്റവും വലിയ പാപം, നാം ജഡത്തിനല്ല പിന്നയോ ക്രിസ്തുവിനുവേണ്ടി ജീവിക്കേണ്ടവർ ആകുന്നു എന്ന സത്യം നാം വിസ്മരിക്കുന്നു എന്നതത്രേ കേവലം ജഡത്തിനു വേണ്ടി മാത്രമോ നാം ജീവിക്കുന്നത്? അത്തിവൃക്ഷം ഫലം കായ്ക്കാത്തതുകൊണ്ട് അത് കേവലം ഒരു ഇത്തിൾക്കണ്ണി മാത്രമായി തീർന്നിരിക്കുന്നു. ഫലം കായ്ക്കുന്ന ഒരു വൃക്ഷത്തെപ്പോലെ മണ്ണിലെ വെള്ളവും ലവണങ്ങളും കിട്ടാവുന്നിടത്തോളം അത് വലിച്ചെടുത്തു. തോട്ടക്കാരൻ അതിനെ ഭംഗിയായി പരിചരിച്ചു. ഒരു നല്ല വൃക്ഷത്തിനു ലഭിക്കുന്ന സകല ശുശ്രൂഷകളും ശ്രദ്ധയും അതിനു ലഭിച്ചു. എന്നാൽ പകരമായി അത് യാതൊന്നും തന്നെ യജമാനനു നൽകിയില്ല. ദൈവ ജനമേ, കർത്താവിന്റെ കാര്യങ്ങൾക്കു വേണ്ടി ഒന്നും ചെയ്യാതിരിക്കുന്ന ഒരു കൂട്ടം ആളുകളുടെ ശരിയായ ചിത്രം ഇതിൽ കൂടെ നമുക്ക് കാണുവാൻ കഴിയുന്നു.

ഈ അത്തിയെ സംബന്ധിച്ച് തോട്ടക്കാരൻ യജമാനനോട് പറഞ്ഞത് ശ്രദ്ധേയമാണ്. കർത്താവേ, ഞാൻ അതിനു ചുറ്റും കിളെച്ചു വളം ഇടുവോളം ഈ വർഷം കൂടെ നിൽക്കട്ടെ. ഒരു പക്ഷെ കായ്ക്കുമായിരിക്കും. കായ്ച്ചില്ലങ്കിലോ വെട്ടിക്കളയാം എന്നു പറഞ്ഞു. ഫലരഹിതമായ ക്രിസ്തീയ ജീവിതം നയിക്കുന്നവർ കർത്താവിന്റെ ദീർഘക്ഷമ അനുഭവിക്കുകയാണ്. ഫലം കായ്ക്കാനുള്ള അവസരം ദീർഘമാക്കി തരുന്നു.

ദൈവത്തിന്റെ ദീർഘക്ഷമയെ പരീക്ഷിക്കരുത്. കർത്താവു ദയാലുവത്രെ. അത് നാം ആസ്വദിക്കുന്നവരുമാണ്.

കൊലപാതകം, ദൈവദൂഷണം, വ്യഭിചാരം എന്നിവയെക്കുറിച്ച് മാത്രമല്ല നിഷ്ഫലമായ ജീവിതത്തെക്കുറിച്ചും ജനം അനുതപിച്ചു കാണുവാൻ ദൈവം ആഗ്രഹിക്കുന്നു. അവർ അവന്റെ ശുശ്രൂഷയിൽ ജാഗ്രതരായി കാണുവാൻ അവൻ ആഗ്രഹിക്കുന്നു. ഫലം ഉള്ളവരായിരിപ്പാൻ നമുക്കു ശ്രദ്ധിക്കാം. സൽഫലം നിറഞ്ഞ ക്രിസ്തീയ ജീവിതം നയിക്കുന്നവരായി നമുക്കു നില്പാൻ ദൈവം സഹായിക്കട്ടെ.

**- ചീഫ് എഡിറ്റർ**

**ലേഖനം**
**ഐസക് സാമുവേൽ**

# വിജയികൾ

## ആത്മീയ മുന്നേറ്റത്തിന് ഒരു മാർഗ്ഗരേഖ



ബാലിന്റെ വ്യാജപ്രവാചകന്മാരുടെ വഞ്ചന ഏലിയാവ് തുറന്നു കാണിച്ചു. ഒടുവിൽ ഇസ്രയേലിന്റെ ദൈവത്തിനു മാത്രമേ ഈ വിധം അത്ഭുതം ചെയ്യാൻ കഴിയൂ എന്ന് ഇസ്രയേല്യരുടെ ഹൃദയങ്ങൾക്ക് ബോധ്യം വന്നു. കള്ളപ്രവാചകന്മാരെ വധിക്കാൻ ഏലിയാവ് ഉത്തരവിട്ടു. 1 രാജ 18:36-40 മഴ പെയ്യാൻ പ്രാർത്ഥിപ്പാൻ ദൈവാത്മാവ് ഏലിയാവെ പ്രചോദിപ്പിച്ചു. അതിഭയങ്കരമായ വരൾച്ച അവസാനിപ്പിച്ച് മഴ വന്നു. 1 രാജ 18:42-45, യാക്കോബ് 5:18.

**ഏലിയാവിനു ഭീഷണി.**

ബാലിന്റെ വ്യാജപ്രവാചകന്മാർ കൊല്ലപ്പെട്ടപ്പോൾ ആഹാബ് രാജാവിന്റെ ദുഷ്ട ഭാര്യയായ ഇസബേലിന്റെ വധഭീഷണി ഏലിയാവ് നേരിടേണ്ടി വന്നു. ഇസ്രയേലിന്റെ രാജ്ഞിയായി തീർന്നപ്പോൾ അവൾ തന്റെ ദേവനായ ബാലിനെയും അവന്റെ ആരാധനയെയും ഇസ്രയേലിലേക്ക് കൊണ്ടുവന്നു. ബാലിനെ ആരാധിക്കുവാനും ഇസ്രയേലിൽ വിഗ്രഹങ്ങൾ സ്ഥാപിക്കുവാനും ആഹാബ് രാജാവിനെ അവൾ സ്വാധീനിച്ചു. 1 രാജാ 16 :31, 21:25-16.മുന്നറിയിപ്പുകൾ നല്കുന്ന ദൈവത്തിന്റെ പ്രവാചകന്മാർ വെറുക്കപ്പെടുകയും ദേശം അനുഭവിക്കുന്ന കഷ്ടതകളുടെ കാരണക്കാർ അവരാണെന്ന് ആരോപിക്കുകയും ചെയ്യുന്നു. ഇസബേലും ബാലിന്റെ പ്രവാചകന്മാരും പ്രവാചകനായ ഏലിയാവിനെ ദ്വേഷിച്ചു. എന്നാൽ അവനെ പിടിക്കാൻ അവർ ഒരു ശ്രമവും നടത്തിയില്ല.

മാനുഷിക ബലഹീനതയുടെ ഒരു നിമിഷത്തിൽ ഏലിയാവ് അധൈര്യപ്പെട്ടു. എന്നാൽ അധികം താമസിയാതെ ദൈവം ഏലിയാവിനെ ആശ്വസിപ്പിച്ച് ധൈര്യപ്പെടുത്തി. ആഹാബ് രാജാവിനെ അഭിമുഖികരിക്കുവാൻ അവനെ തിരികെ അയയ്ക്കുകയും ചെയ്തു. ആഹാബും ഇസബേലും ചെയ്ത എല്ലാ ദുഷ്പ്രവർത്തികളിലും അവൻ മാനസാന്തരപ്പെടാൻ വിസമ്മതിക്കയാൽ ഇരുവരും അപമാനകരമായ വിധത്തിൽ മരിക്കുമെന്ന് ഏലിയാവ് സന്ദേശം നല്കി. 1 രാജാ 21:20-24

**ചരിത്രം ആവർത്തിക്കപ്പെടുന്നു.**

ലോകത്തിൽ ഇന്നു ആഹാബുമാരും ഇസബേലുമാരും ഉണ്ട്. ഇന്നത്തെ കാലത്തിനു അതിന്റെതായ വിഗ്രഹാരാധന ഉണ്ട് എന്നു വരികിലും അത് ഏലിയാവിന്റെ കാലത്തെക്കാൾ നിഗൂഡമാണ്.

അടിസ്ഥാനപരമായി ക്രിസ്ത്യാനികൾ എന്നവകാശപ്പെടുന്ന ഒരു സമൂഹത്തിൽ ജാതീയ ആരാധനയുടെ ആലയങ്ങൾ ചിലപ്പോൾ അത്ര ദൃശ്യമാകില്ലായിരിക്കും. കൊത്തിയെടുത്ത രൂപങ്ങളെ ആരാധിക്കുന്നവർ ചിലപ്പോൾ കുറവായിരിക്കും. എന്നിട്ടും ദശലക്ഷക്കണക്കിനാളുകൾ ഈ ലോകത്തിലെ ദൈവങ്ങളെ പിൻതുടരുന്നു. ഇന്നത്തെ വിഗ്രഹങ്ങൾ സമ്പത്തും പ്രശസ്തിയും ആനന്ദവും ദൈവത്തെക്കുറിച്ച് പഠിക്കാൻ താല്പര്യവും ആഗ്രഹവുമില്ലാത്ത പലരുടെയും ഹൃദയങ്ങളെയും മനസ്സിനെയും പിടിച്ചടക്കിയ കെട്ടകഥകളുമായിരിക്കാം.

**ഒരു അന്ത്യകാല ഏലിയാവ്**

പ്രവചനങ്ങൾക്ക് ഒന്നിലധികം നിവൃത്തികൾ ഉണ്ടായേക്കാം. ഈ യുഗത്തിന്റെ അവസാനത്തിങ്കൽ ദൈവത്തിന്റെ മഹാക്രോധം വരുന്ന സമയത്ത് പ്രത്യക്ഷപ്പെടുന്ന മറ്റൊരു ഏലിയാവിനെ വചനം വിരൽ ചൂണ്ടുന്നു. പ്രവാചകനായ മലാഖി പ്രഖ്യാപിച്ചു. ഇതാ കർത്താവിന്റെ വലതും ഭയങ്കരവുമായ നാൾ വരുന്നതിനു മുമ്പേ ഞാൻ നിങ്ങൾക്ക് ഏലിയാ പ്രവാചകനെ അയയ്ക്കും. മലാഖി 4:5.

ഏലിയാവിന്റെ ആത്മാവിലും ശക്തിയിലും സമാനമായി യോഹന്നാൻ സ്നാപകൻ വരും എന്ന് ലൂക്കോസ് 1:17ൽ പറയുന്നു. ഈ അന്ത്യകാല നിവൃത്തിയിൽ ആദ്യ ഏലിയാവിന്റെ നിയോഗം പോലെ ഒരാൾ ഉണ്ടായിരിക്കും എന്ന് തിരുവെഴുത്ത് പറയുന്നു. ഏലിയാവ് നല്കിയപോലെ മാനസാന്തരപ്പെടുവാനും ദൈവത്തെ അനുസരിക്കുവാനുള്ള ഒരു സന്ദേശം ലഭിക്കുമെന്ന് മത്തായി 24:14, 28:19-20.

**ദൈവം എന്ത് ആഗ്രഹിക്കുന്നു?**

യോഹന്നാന്റെ ദൗത്യത്തെക്കുറിച്ച് പ്രസ്താവിച്ചത് അവൻ ഇസ്രയേൽ മക്കളിൽ പലരെയും അവരുടെ ദൈവമായ കർത്താവിങ്കലേക്ക് തിരിച്ചു വരുത്തും. അവൻ അപ്പന്മാരുടെ ഹൃദയങ്ങളെ മക്കളിലേക്കും വഴങ്ങാത്തവരെ നീതിമാന്മാരുടെ ബോധത്തിലേക്കും തിരിച്ചുകൊണ്ട് ഒരുക്കമുള്ളൊരു ജനത്തെ കർത്താവിനുവേണ്ടി ഒരുക്കുവാൻ അവനു മുമ്പായി ഏലിയാവിന്റെ ആത്മാവോടും ശക്തിയോടും കൂടെ നടക്കും ലൂക്കോസ് 1:16-17.

ഭാഷ്യം (തുടർച്ച)

# സങ്കീർത്തനങ്ങൾ-75

ഡോ.സി.വി.വടവന

"അങ്ങനെ ദൈവത്തിന്റെ പുത്രന് അവസാന പാനീയമായി പുളിച്ചവീഞ്ഞ് ലോകം കൊടുത്തതിന് പകരമായി ക്രോധത്തിന്റെ നുരയ്ക്കുന്ന വീഞ്ഞ് ദൈവം ദുഷ്ടന്മാരെ കുടിപ്പിക്കുന്നതായി ഇവിടെ വെളിപ്പെടുത്തിയിരിക്കുന്നു." അപ്പോൾ മനുഷ്യന്റെ ഗർവ്വം കുറയും; "പുരുഷന്മാരുടെ ഉന്നതഭാവം താഴും; യഹോവമാത്രം അന്നാളിൽ ഉന്നതനായിരിക്കും"(യെശ. 2:17). എന്നുള്ള പ്രവാചകന്റെ വാക്കുകൾ നിവൃത്തിയാകും. ദൈവീക ന്യായവിധി വീഞ്ഞ് നിറച്ച പാനപാത്രമായി ചിത്രീകരിച്ചിരിക്കുന്നു. (യിരെ. 49:12; 51:7; യെശ. 51:11)

പതിവായി പള്ളിയിൽ പൊയ്ക്കൊണ്ടിരുന്ന ഒരു നീഗ്രോ സ്ത്രീയുടെ ഭർത്താവ്, കുടിയനും ക്രൂരനും ഭാര്യയെ മർദ്ദിക്കുന്നവനുമായ ആ നീഗ്രോ, ഒടുവിൽ അവളോടുകൂടി ആരാധനയിൽ സംബന്ധിച്ച് തുടങ്ങി. ഒരു ദിവസം അയാൾ ഭാര്യയോട്: "നീ പുരോഹിതന്റെ കൈകളിൽ നിന്ന് ആ പാനപാത്രം വാങ്ങി കുടിക്കുന്നതുകൊണ്ട് എന്ത് സാധ്യതയാണുള്ളത്?" എന്ന് ചോദിച്ചു. 'എനിക്ക് അത് പറഞ്ഞ് മനസ്സിലാക്കി തരാനുള്ള പ്രാപ്തിയില്ല. എന്നാൽ ഒരു കാര്യം ഞാൻ പറയാം. ഞങ്ങൾ ഒന്നുമില്ലാത്ത ഒഴിഞ്ഞ പാത്രങ്ങളായി കർത്തൃമേശയ്ക്ക് അടുത്ത് ചെല്ലുന്നു. നിറഞ്ഞവരായി തിരിച്ച് പോരുന്നു എന്നായിരുന്നു അവളുടെ മറുപടി. കർത്താവിന്റെ പാനപാത്രത്തിന് പഠിപ്പില്ലാത്ത ഈ നീഗ്രോ സ്ത്രീ കൊടുത്ത നിർവ്വചനത്തേക്കാൾ നല്ലൊരു നിർവ്വചനം ഒരു പണ്ഡിതനും കൊടുത്തിട്ടില്ല.

**വാ. 9 ഞാനോ എന്നേക്കും പ്രസ്താവിക്കും; യാക്കോബിന്റെ ദൈത്തിനു സ്തുതിപാടും** യാക്കോബിന്റെ ദൈവം എന്ന് തിരുവെഴുത്തിൽ 25 തവണ ഉപയോഗിച്ചിട്ടുണ്ട്; അതിൽ 13 തവണ സങ്കീർത്തനങ്ങളിൽ ആണ്. യാക്കോബ് ഒന്നുമില്ലാത്തവനും ഒന്നിനും അർഹതയില്ലാത്തവനും ക്രോധത്തിനു മാത്രം യോഗ്യനും ആയിരുന്നപ്പോൾ, അവനെ കാണുകയും അവനെയും അവന്റെ സന്തതിയെയും നിത്യമായി അനുഗ്രഹിക്കാമെന്ന് വാഗ്ദത്തം നൽകുകയും ചെയ്ത കൃപയുടെ ദൈവത്തെയാണ് ഇത് സൂചിപ്പിക്കുന്നത് (ഉല്പ. 28:12-15).

ഇതോടുകൂടി വിടുതൽ പ്രാപിക്കുന്ന യിസ്രായേലിന്റെ ശേഷിപ്പിൽപ്പെട്ട ഓരോരുത്തനും ദൈവത്തിന് സ്തോത്രം പാടുന്നത് ഇപ്രകാരമാണ്. "ഞാനോ എന്നേക്കും പ്രസ്താവിക്കും. യാക്കോബിന്റെ ദൈവത്തിന് സ്തുതിപാടും." ബലഹീനതയെ കാണിക്കുന്ന വാക്കാണ് 'യാക്കോബ്' എന്നത്. യാക്കോബിനെ അനവധി കഷ്ടങ്ങളിൽ നിന്ന് വിടുവിച്ച ദൈവം ഉടമ്പടിയുടെ ദൈവമാണ്.

**വാ.10 ദുഷ്ടന്മാരുടെ കൊമ്പുകളൊക്കെയും ഞാൻ മുറിച്ചുകളയും; നീതിമാന്മാരുടെ കൊമ്പുകളോ ഉയർന്നിരിക്കും.** നീതിമാന്മാരുടെയും ദുഷ്ടന്മാരുടെയും കൊമ്പ് ഭൂമിയിലെ അവരുടെ ബലത്തെയും അധികാരത്തെയുമാണ് സൂചിപ്പിക്കുന്നത്. അതിൽ ഒന്ന് ഉയർത്തപ്പെടുകയും മറ്റേത് ഛേദിക്കപ്പെടുകയും ചെയ്യും. ദുഷ്ടന്മാരുടെ കൊമ്പുകൾ ഒക്കെയും ഛേദിക്കപ്പെടുകയും നീതിമാന്മാരുടെ കൊമ്പുകൾ ഉയർന്നിരിക്കയും ചെയ്യുന്ന കാലത്തിന്റെ വർണ്ണനയോടുകൂടി ഈ സങ്കീർത്തനം അവസാനിക്കുന്നു.

സങ്കീർത്തനക്കാരൻ ഇവിടെ ജനത്തിന്റെ പ്രതിനിധിയായിട്ടാണ് സംസാരിക്കുന്നത്. ദൈവത്തിന്റെ ബലത്തിൽ അവർ ശത്രുക്കളെ നിശ്ശേഷം തോല്പിച്ച് നശിപ്പിക്കും എന്ന് സത്യം ചെയ്യുകയാണ് (മീഖാ. 4:3). അല്ല, ദൈവമാണ് വക്താവ് എങ്കിൽ, പുതിയ വാഗ്ദാനംകൊണ്ട് ജനത്തെ ആശ്വസിപ്പിക്കുകയാണ്. നീതിമാന്മാരായ യിസ്രായേൽ, ജാതികളുടെ മേൽ അന്തിമ വിജയം വരിച്ച് വിരാജിക്കുന്ന ഭാവിനാളുകളിലേക്ക് എത്തിനോക്കിക്കൊണ്ട് ഈ സങ്കീർത്തനം അവസാനിക്കുന്നു.

# മക്കളുടെ നിലവിളി കേൾക്കുന്ന പിതാവ്

ലേഖനം



എൽസി ബേബി

**ഈ** എളിയവൻ നിലവിളിച്ചു യഹോവ കേട്ടു: അവന്റെ സകല കഷ്ടങ്ങളിൽ നിന്നും അവനെ രക്ഷിച്ചു. (സങ്കി:34:6) ദാവീദ് മരുഭൂമിയിൽ ഉഴന്നു നടന്നു നാളുകളിൽ പലപ്പോഴും ഉറക്കെ നിലവിളിച്ച് അനുഭവങ്ങൾ ഉണ്ടായിട്ടുണ്ട് അപ്പോഴൊക്കെ ദൈവം അവന്റെ നിലവിളി കേട്ട് തക്കസമയത്ത് വിടുതൽ നൽകിയതായി ദാവീദിന്റെ സാക്ഷ്യം സങ്കീർത്തനങ്ങളിലൂടെ നാം വായിച്ചരിഞ്ഞിട്ടുള്ളതാകുന്നു. ദാവീദിന്റെ കണ്ണുനീർ ദൈവം തന്റെ തുരുത്തിയിൽ ആക്കി വയ്ക്കണമെ എന്നു പറയത്തക്കവണ്ണം ദാവീദ് നിലവിളിച്ചതായി കാണാം. കരഞ്ഞു കരഞ്ഞു തന്റെ കണ്ണുനീർ കൊണ്ടു കട്ടിലിനെ നനക്കുന്നവണ്ണം ദാവീദു കരഞ്ഞതായി രേഖപ്പെട്ടുത്തിയിരിക്കുന്നു. നാം ഓരോരുത്തരും ജനിക്കുന്നതു തന്നെ കരഞ്ഞും കൊണ്ടും അല്ലെ. ജീവിതത്തിൽ കരയാത്ത ആരെങ്കിലും കാണുമൊ എന്നു സംശയമാകുന്നു. ആരും കാണാതെ മൗനമായി കരയുന്നവരുണ്ട്. എല്ലാവരും കാൺകെ ഉറച്ച നിലിവിളിയോടെ വിലപിക്കുന്നവരുമുണ്ട്. കരയുമ്പോൾ നമ്മോടു കൂടെ കരയുന്ന ഒരു കർത്താവുണ്ട് എന്നു വിശ്വസിച്ച് ആശ്വസിക്കുന്നവർ എത്ര കാണും? പലവിധ കാരണങ്ങളാലായിരിക്കാം നാം കരയുന്നത്. കാരണം എന്തുതന്നെയായാലും ഹൃദയം വേദനിക്കുന്ന അനുവഭിവങ്ങളിലൂടെ കടക്കുമ്പോഴും ആണല്ലൊ നാം കരയുന്നത്. ആരും കാണുന്നില്ല. ആരും സഹായത്തിനില്ലല്ലോ! ഇനി എന്തു ചെയ്യും? മുമ്പോട്ടു പോകുവാൻ ഒരു വഴിയും കാണുന്നില്ല എന്നോർത്ത് നിരാശയിൽ കഴിഞ്ഞു ആത്മഹത്യ വരെ ചെയ്യുന്ന വരുമില്ലേ ഈയിടെ ഒരു പെന്തക്കോസ്തു പാസ്റ്റർ ആത്മഹത്യ ചെയ്ത വാർത്ത കേൾക്കാനിടയായി അതു വളരെ അത്ഭുതകരമായി തോന്നി. കരയുന്നവരെ ആശ്വസിപ്പിച്ച് അവരോടൊത്തു പ്രാർത്ഥിച്ച് ധൈര്യപ്പെടുത്തേണ്ട പാസ്റ്റർ ആത്മഹത്യ ചെയ്തു അവിശ്വസനീയമായി തോന്നി. പ്രിയമുള്ളവരെ, നാം കരയുമ്പോൾ നമ്മോടൊപ്പം കരയുന്ന ഒരു കർത്താവിൽ നാം വിശ്വസിച്ചാശ്രയിച്ചാൽ നമ്മുടെ ദുഃഖം എത്ര വലുതായാലും ഏതു കാരണം കൊണ്ടായാലും നമ്മെ ആശ്വപ്പിക്കുവാൻ നമ്മോടുകൂടെ ഒരു കർത്താവുണ്ട് എന്നു വിശ്വസിക്കുക. മാർത്തയുടേയും മറിയയുടേയും കരച്ചിൽ കണ്ടു മനം നൊന്തു കരഞ്ഞ ദൈവപുത്രനായ ക്രിസ്തു നമുക്കു വേണ്ടി കാൽവരി ക്രശിൽ കിടന്നു ഉക്കെ നിലവിളിച്ചവനാകുന്നു. ദുഃഖത്തിന്റെ പാനപാത്രം ചടോളം ഊറ്റിക്കുടിച്ച് നമുക്കു വേണ്ടി കഷ്ഠാനുഭവങ്ങളാൽ നികത്തുന്നവനായ കർത്താവിന് തന്റെ മക്കളുടെ കരച്ചിൽ കണ്ടു സഹിക്കാനായില്ല എന്നതിന്റെ ഒരു പ്രത്യക്ഷ കാഴ്ച മാർത്തയുടേയും മറിയയുടേയും കൂടി വന്നു കരയുന്ന യഹൂദന്മാരുടെ മുമ്പിൽ ദൈവപുത്രൻ ഉള്ളം നൊന്തു കലങ്ങി കണ്ണുനീർ വാർത്തത്. തന്റെ സ്വന്തം രക്തം കൊടുത്തു വിലക്കു വാങ്ങി തന്നെ സ്വന്തമാക്കിയ ദൈവമക്കളുടെ നിലവിളി കേൾക്കാതിരിക്കയില്ല. "യഹോവയുടെ കണ്ണു നീതിമാന്മാരുടെമേലും അവന്റെ ചെവി അവരുടെ നിലവിളിക്കും തുറന്നിരിക്കുന്നു. എന്നുമാത്രമല്ല" നീതിമാന്മാർ നിലവിളിച്ചു യഹോവകേട്ടു സകല കഷ്ടങ്ങളിൽ നിന്നും അവരെ വിടുവിച്ചു "എന്നു പറയത്തക്ക അനുഭവം ദാവീദു തന്റെ സങ്കീർത്തനത്തിൽ വിവരിച്ചിരിക്കുന്നു. നമ്മുടെ നിലവിളിയുടെ ശബ്ദം കേൾക്കമാത്രമല്ല. നമ്മോടു കൂടെ കരഞ്ഞു നമ്മെ സാന്ത്വനപ്പെടുത്തുന്ന ഒരു കർത്താവിന്റെ മക്കളുകുന്നു നാം. ശത്രുക്കളുടെ മുമ്പാകെ മേശ ഒരുക്കിയും കൂരിരുൾ താഴ്‌വരയിൽ തന്നോടു കൂടെക്കൂടെന്നു ഇരന്ന ആശ്വസിപ്പിച്ച് അന്ത്യം വരെ പരിപാലിച്ച അതേ കർത്താവു തന്നെയാകുന്നു ഇന്നും നമ്മോടുകൂടെയുള്ള ഇമ്മാനുവേലായ കർത്താവു നമ്മുടെ ദുഃഖം എന്തുമാകട്ടെ അതൊക്കെയും നന്നായി അറിയുന്ന ഒരു കർത്താവു! ഞാൻ നിന്നോടു കൂടെയുണ്ട് ഭയപ്പെടേണ്ടാ" എന്നരുളി ചെയ്തു കൊണ്ടു നമ്മെ തീയിൽ കൂടെ നടക്കുവാൻ അനുവദിക്കുന്ന കർത്താവു! അഗ്നിസമാനമായ പരിശോധനകളിലൂടെ നാം കടന്നു പോകേണ്ടിവരുമ്പോൾ "നാം കരഞ്ഞു പോകുന്നതു സ്വാഭാവികമാകുന്നു. ഒരു പക്ഷെ മാരക രോഗമാകാം, പ്രിയപ്പെട്ടവരുടെ വേർപ്പാടാകാം, പ്രതിസന്ധികളും പരിശോധനകളും നിറഞ്ഞ പാതയിലൂടെ മുമ്പോട്ടു പോകാൻ ഒരു വഴിയും കാണുന്നില്ല എന്നു തോന്നു.
മറ്റ്‌വഴിമുട്ടി നിന്നു കരയുമ്പോൾ നമ്മോടുകൂടെ നടന്നും നമ്മെ തോളിലേന്തിയും പ്രതിസന്ധികളാകുന്ന മതിൽ ചാടികടക്കുവാൻ സഹായിക്കുന്ന രക്ഷിതാവിൽ ശരണപ്പെടുക. നമ്മുക്ക് നേരിടുന്ന ഓരോ പരിശോധനകളും നമ്മുടെ വിശ്വാസത്തിന്റെ പരിശോധനകളാകുന്നു എന്നോർക്കുക. സ്വർണ്ണം തീയിൽ സ്ഫുടം ചെയ്യുന്നതു പോലെ നമ്മുടെ വിശ്വാസത്തെ വിലയേറിയ വിശ്വാസമാക്കി ശക്തീകരിച്ച മറ്റുള്ളവരുടെ മുമ്പാകെ മാതൃകയാക്കി ഉയർത്തിപ്പിടിക്കാനാകുന്നു എന്നോർക്കുമ്പോൾ" ഈ കണ്ണുനീർ സാരമില്ല. ഈ വേദനകളും സങ്കടങ്ങളും താല്ക്കാലികമാക്കുന്നു അതിനപ്പുറത്തു വച്ചിരിക്കുന്ന അനുഗ്രഹങ്ങളുടേയും ഉല്ലാസത്തിന്റേയും കൂമ്പാരം കണ്ടു സന്തോഷിക്കാം എന്ന പ്രത്യാശയിലും വിലയേറിയ വാഗ്ദത്തങ്ങളും മുറുകെ പിടിക്കുവാൻ ശക്തി നല്കി നടത്തുന്ന കർത്തൃ കരങ്ങളിൽ സ്വയം സമർപ്പിച്ചും ആശ്വസിക്കുക. നമ്മുടെ കണ്ണുനീർ ഒരു തുള്ളി പോലും താഴെ വീഴാതെ വിലയേറിയ മുത്തുകളാക്കി തന്റെ തുരുത്തിയിലാക്കി സ്വർഗ്ഗത്തിൽ കാത്തു സൂക്ഷിക്കുന്ന കർത്താവു എത്ര വിശ്വസ്തൻ! എത്ര ചൂടേറിയ അഗ്നിശോധനയിലൂടെ നടന്നാലും അതിന്റെ ജ്വാല നമ്മെ നശിപ്പിക്കാതെ തീയിനെപ്പോലും തണുപ്പിക്കാൻ ശക്തനായ കർത്താവു എന്റെ ആണിപ്പഴുതുള്ള കരങ്ങളാൽ നമ്മുടെ കണ്ണുനീർ ഒപ്പി എടുത്ത് നമ്മെ സന്തോഷിപ്പച്ചാനന്ദിപ്പിക്കുന്ന കർത്തൃ കരങ്ങളെ വിശ്വാസത്താൽ സ്പർശിക്കുക. കുത്തി തുളക്കപ്പെട്ട തന്റെ മാർവിൽ ചാരി ആശ്വസിക്കുമ്പോൾ നമ്മുടെ ദുഃഖം മാറിപ്പോകും. നമ്മുടെ വിലാപം നൃത്തമായിമാറും. നമ്മുടെ കർത്താവിന്റെ തേജസ്സേറിയ മുഖ ശോഭ വിശ്വാസത്താൽ ദർശിക്കുമ്പോൾ ദാവീദിനോടു ചേർന്നു" ഞാൻ യഹോവയെ എല്ലാകാലത്തും വാഴ്ത്തും അവന്റെ സ്തുതി എപ്പോഴും എന്റെ നാവിന്മേൽ ഇരിക്കും. ഈ എളിയവൾ/എളിയവൻ നിലവിളിച്ചു. യഹോവ കേട്ടു. എന്റെ സകല കഷ്ടങ്ങളിൽ നിന്നും അവൻ എന്നെ രക്ഷിച്ചു. ഈ ലേഖനം നിങ്ങളെ ഓരോരുത്തരേയും ബലപ്പെടുത്തട്ടെ! ദൈവമക്കളായ നമ്മുടെ നിലവിളി കേൾക്കുന്ന കർത്താവിന്റെ പിതാവിന്റെ സാന്നിദ്ധ്യവും, സാമിപ്യവും അനുഭവിച്ച് ജീവിതയാത്ര ധന്യമാക്കി തീർക്കാം കർത്താവു കൃപ ചെയ്യട്ടെ!

ഭാഗം II (തുടർച്ച)

# പരിശുദ്ധാത്മാവ് വിശ്വാസിയിൽ

റെജി ഈട്ടിമൂട്ടിൽ



**a. പുരോഹിതന്മാർ (Priests)**

മനുഷ്യനുവേണ്ടി ദൈവസന്നിധിയിൽ നിൽക്കുന്നവൻ പുരോഹിതൻ (ലേവ്യ. 8:12). പുതിയനിയമവിശ്വാസികൾ എല്ലാവരും പുരോഹിതന്മാരാണ് (1 പത്രൊ. 2:5-9; വെളി. 1:6, 5:10). അഭിഷേകത്തോടെയാണ് ഒരുവൻ പുരോഹിതനാകുന്നത്. അഭിഷേകം പ്രാപിക്കാത്ത ഒരുവൻ പുരേഹിതനല്ല.പുരോഹിതനല്ലാത്ത ഒരുവൻ യാഗം കഴിക്കരുത്.

**b. രാജാക്കന്മാർ (Kings)**

ദൈവത്തിനുവേണ്ടി മനുഷ്യരെ ഭരിക്കുന്നവൻ രാജാവ്. പഴയനിയമത്തിൽ ഒരുവന് രാജാവാകുവാൻ അഭിഷേകം നിർബന്ധമായിരുന്നു. അഭിഷേകത്തോടെയാണ് ഒരുവൻ രാജാവാകുന്നത് (1 ശമു. 16:1-3,13). പുതുജനനം പ്രാപിച്ച ഓരോ വിശ്വാസിയും രാജാവാണ് (1 പത്രൊ. 2:9; വെളി. 1:6, 5:10). പാപത്തിന്റെയും ജഡത്തിന്റെയും പിശാചിന്റെയും മേൽ ഇന്ന് നാം വാഴുന്നു. ഭാവിയിൽ ലോകഭരണത്തിൽ നാം രാജാക്കന്മാരായിരിക്കും.

**c. പ്രവാചകന്മാർ (Prophets)**

ദൈവത്തിനുവേണ്ടി മനുഷ്യരോട് സംസാരിക്കുന്നവൻ. പഴയനിയമകാലത്ത് ഒരുവൻ പ്രവാചകനാകുന്നത് അഭിഷേകത്തോടുകൂടിയായിരുന്നു (1 രാജാ. 19:16; സങ്കീ. 105:15). ദൈവത്തിനുവേണ്ടി മനുഷ്യരോട് സംസാരിക്കുന്ന പ്രവാചകന്മാരാണ് എല്ലാ പുതിയനിയമവിശ്വാസിയും (അപ്പൊ. 1:8; 2 കൊരി. 5:20).

**5. അഭിഷേകം എങ്ങനെ?**

ഒരു വിശ്വാസിക്ക് എങ്ങനെയാണ് അഭിഷേകം ലഭിക്കുന്നത്? ഓരോരുത്തരും വ്യക്തിപരമായി ഇന്ന് അഭിഷേകം പ്രാപിക്കണമോ? ആത്മാവിനാൽ അഭിഷേകം ലഭിച്ചു എന്നല്ല, നമുക്ക് ലഭിച്ച അഭിഷേകം ആത്മാവാണെന്നാണ് തിരുവചനം പഠിപ്പിക്കുന്നത് (not anointing by the Holy Spirit, but Holy Spirit the anointing).

അഭിഷേകം ശിരസ്സിനുള്ളതാണ്. ക്രിസ്തുവാണ് സഭയെന്ന ശരീരത്തിന്റെ ശിരസ്സ് (എഫെ. 1:23; കൊലൊ. 1:18). പിതാവായ ദൈവം തന്റെ പുത്രന് നൽകിയ അഭിഷേകം അവന്റെ ശരീരമായ സഭയിലും വസിക്കുന്നു. അഹരോന്റെ തലയിൽ ഒഴിച്ച വിശേഷതൈലം (അഭിഷേകതൈലം) അവന്റെ താടിയിലൂടെ ഒഴുകി വസ്ത്രത്തിന്റെ വിളുമ്പുവരെയും ചെല്ലുന്നതുപോലെ (സങ്കീ. 133:2). ഓരോ വിശ്വാസിയും രക്ഷിക്കപ്പെടുമ്പോൾതന്നെ ആത്മപ്രാപണത്തിലൂടെ ആ അഭിഷേകത്തിന് പങ്കാളിയാകുന്നു.

**സംഗ്രഹം:**

1. അഭിഷേകം പരിശുദ്ധാത്മാവാണ്
2. വിശ്വാസികൾ എല്ലാവരും അഭിഷിക്തരാണ്.
3. രക്ഷിക്കപ്പെടുമ്പോൾതന്നെ അഭിഷേകത്തിന്റെ പങ്കാളിയാകുന്നു.
4. പിതാവായ ദൈവമാണ് അഭിഷേകം ചെയ്യുന്നത്.
5. അഭിഷേകത്തിന് അന്യഭാഷയോ മറ്റ് വരമോ അടയാളമല്ല.

**VI. ആത്മനിറവ് (Filling of the Holy Spirit)**

**നിർവ്വചനം:** ഒരു വിശ്വാസി സ്വഹിതങ്ങളിൽ ജീവിക്കാതെ പരിശുദ്ധാത്മാവാം ദൈവത്താൽ സമ്പൂർണ്ണമായി നിയന്ത്രിക്കപ്പെടുകയും വചനാടിസ്ഥാനത്തിൽ ആത്മാവിനാൽ നടത്തപ്പെടുകയും ചെയ്യുന്ന അനുഭവം.

തിരുവചനത്തിലെ അതിപ്രധാനമായ ഈ വിഷയം വളരെ തെറ്റായിട്ടാണ് അധികമാളുകളും ഗ്രഹിച്ചിരിക്കുന്നത്. "ആത്മനിറവ് ഉണ്ടാകുമ്പോൾ സുബോധം നഷ്ടപ്പെട്ട് വൈകാരികവും യാന്ത്രികവുമായ പ്രവൃത്തികളിൽ ആയിത്തീരുന്നതായി പലരും പറയുന്നു. ഒന്നും ഞാൻ ഓർക്കുന്നില്ല" എന്നാണ് അവർ പറയുന്നത്. അന്യഭാഷയും, പ്രവചനവും മറ്റും ആത്മനിറവിന്റെ പ്രത്യക്ഷമായ അടയാളമായി അവർ കരുതുന്നു. ആത്മനിറവിനെക്കുറിച്ച് വേദപുസ്തകോപദേശം ശ്രദ്ധിച്ചാൽ മേൽപ്പറഞ്ഞ കാര്യങ്ങൾ വചനസത്യങ്ങൾക്ക് നിരക്കുന്നതല്ല എന്ന് ബോധ്യപ്പെടും.

**എന്താണ് ആത്മനിറവ്?**

"ആത്മനിറവ്" എന്നതിന്റെ അർത്ഥമെന്താണ്? "നിറവ് (Filled)" എന്നതിന് മൂലഭാഷയിൽ "പ്ലേറോവൗതേ (Pleroustheー)" എന്ന ഗ്രീക്ക് പദമാണ് കൊടുത്തിരിക്കുന്നത്. "നിയന്ത്രിക്കുക (Control)" എന്നാണ് വാച്യാർഥം.എഫെസ്യ ലേഖനം 5:18ൽ "വീഞ്ഞുകുടിച്ച് മത്തരാകരുത്. അതിനാൽ ദുർന്നടപ്പ് ഉണ്ടാകുമല്ലോ" എന്നുപറഞ്ഞതിനുശേഷമാണ് "ആത്മാവ് നിറഞ്ഞവരാകുവിൻ" എന്നുപറഞ്ഞിരിക്കുന്നത്. വീഞ്ഞ് (മദ്യം) കഴിക്കുന്ന ഒരുവൻ വീഞ്ഞിനാൽ നിയന്ത്രിക്കപ്പെടുന്നു. അതിനാൽ അവൻ ജഡീകമായ (ദുർനനടപ്പ്) പ്രവർത്തനത്തിന് വഴിപ്പെടുന്നു. അതുപോലെ പരിശുദ്ധാത്മാവിന് വിധേയപ്പെട്ട് ആത്മിവിനെ അനുസരിച്ച് നടക്കുന്ന ഒരു വിശ്വാസി ആത്മാവിനാൽ നിയന്ത്രിക്കപ്പെട്ട് ആത്മികപ്രവൃത്തികൾ ചെയ്യുന്നു. ഇതാണ് ആത്മനിറവിന്റെ അർഥം.

"ആത്മനിറവ്" എന്നുപറഞ്ഞാൽ ആത്മാവിനെ അധികമായി ലഭിക്കുക എന്നല്ല; മറിച്ച്, ആത്മാവിന് നമ്മെ അധികമായി ലഭിക്കുക എന്നാണർഥം. 1 കൊരി. 3:1,2 - വാക്യങ്ങളിൽ കൊരിന്ത്യർക്ക് ജഡികന്മാർ, ആത്മികന്മാർ എന്നീ പ്രയോഗങ്ങൾ കാണാം. അതിനർഥം ആത്മാവിനാൽ നിയന്ത്രിക്കപ്പെടുന്നവർ (Controlled by the Spirit) ആത്മീയരും, ജഡത്താൽ നിയന്ത്രിക്കപ്പെടുന്നവർ (Controlled by the flesh) ജഡീകരും ആണെന്നാണ്. ചുരുക്കിപ്പറഞ്ഞാൽ, പരിശുദ്ധാത്മാവാം ദൈവത്താൽ സമ്പൂർണ്ണമായി ഭരിക്കപ്പെട്ട് (നിയന്ത്രിക്കപ്പെട്ട്) ആത്മികകാര്യങ്ങൾക്കായി സമർപ്പിതനായ ഒരുവനാണ് ആത്മാവിൽ നിറഞ്ഞവൻ.

**ആത്മനിറവ് ആർക്കാണ്?**

"ആത്മാവ് നിറഞ്ഞവരാകുവിൻ (but be filled with the Spirit)" എന്നത് ഒരു കല്പനയാണ് (എഫെ. 5:18,19). സകല വിശ്വാസികളും ആത്മാവിൽ നിറയപ്പെടണം അഥവാ നിയന്ത്രിക്കപ്പെടണം. രക്ഷിക്കപ്പെടുമ്പോൾതന്നെ ഒരുവൻ ആത്മാവിനെ പ്രാപിക്കുന്നു (ഗലാ. 3:14). അവനിൽ ദൈവത്തിന്റെ പരിശുദ്ധാത്മാവ് സ്ഥിരമായി വസിക്കുന്നു (1 കൊരി. 3:16; യോഹ. 14:16). എന്നാൽ അനുദിന ജീവിതത്തിൽ ഒരു വിശ്വാസി ആത്മനിറവിൻ അനുഭവത്തിൽ ജീവിക്കേണ്ടവനാണ്. ദിനംതോറും പരിശുദ്ധാത്മാവിന്റെ പൂർണ്ണനിറവിൽ സകലവിശ്വാസികളും ജീവിതം തുടരണം.



# ദാനിയേൽ പ്രവചനം

(തുടർച്ച)

ഡോ.സണ്ണി എഴുമറ്റൂർ

**പഴയനിയമ വിശുദ്ധന്മാരുടെ ഉയിർപ്പും ന്യായവിധിയും**

**ദാനിയേൽ 12:4**

ഈ വചനങ്ങളെ അടച്ച് പുസ്കതത്തിന് മുദ്രയിടുക എന്ന് ദൈവം ദാനിയേലിനോട് കല്പിച്ചിരിക്കുന്ന ഈ വാക്യത്തോട് ബന്ധത്തിൽ ബൈബിൾ പണ്ഡിതന്മാരുടെ ഇടയിൽ വ്യത്യസ്ത ആശയങ്ങൾ ഉണ്ട്. എന്നിരുന്നാലും യേശുക്രിസ്തു ഇത് ഒരു അടച്ച് മുദ്രയിട്ട ബുക്കായി കരുതിയില്ല, തന്റെ ഒലിവുമല പ്രഭാഷണത്തിൻ ദാനിയേൽ പ്രവചനത്തിലെ ഒരു ഭാഗം ഉദ്ധരിച്ചിട്ടുണ്ട്. "അന്ത്യകാലത്ത്" താമസിക്കുന്ന വ്യക്തികളോട് ബന്ധപ്പെട്ട് ഇതിന്റെ പ്രാധമിക സാംഗത്യം കാണാം. ദാനിയേൽ 11:35 ലൂടെ ഈ മുഴു പ്രവചനത്തിന്റെയും ഭാഗീക നിറവേറൽ കഴിഞ്ഞു. അത് ഈ കാലഘട്ടത്തിലെ പീഢനത്തിന്റെ മൂർദ്ദന്യത്തിൽ സത്യാമ്പേഷികൾക്ക് ദൈവത്തിൽ ആശ്രയിക്കുവാൻ സഹായകമാണ്. ദാനിയേലിന്റെ എഴുത്തുകൾക്ക് ശേഷം 2600 വർഷങ്ങളുടെ ഇടവേളയുണ്ടെങ്കിലും. ചരിത്രത്തിന്റെ ഗതികളെ മനസ്സിലാക്കുന്നതിനും ഭാവികാല സംഭവങ്ങളെ കുറിച്ച് ആശയം ലഭിക്കുന്നതിനും അനുയോജ്യമാണ്.

4-ാം വാക്യത്തിന്റെ അടിസ്ഥാനത്തിൽ "അന്ത്യകാലത്ത്" ജ്ഞാനം വർദ്ധിച്ചിരിക്കയാൽ അനേകരും അവിടേക്കും ഇവിടേക്കും വിരഞ്ഞോടും. നമ്മുടെ കാലഘട്ടത്തിൽ വാർത്താ മാദ്ധ്യമങ്ങളുടെയും, യാത്രാ സൗകര്യവും വർദ്ധിച്ചതിനാൽ ജനങ്ങൾ പരക്കം പായുന്നത് നമുക്ക് കാണാം. ദാനിയേലിന്റെ കാലം മുതൽ 850 വരെ ഏകദേശം 2500 വർഷങ്ങൾ. ഈ കാലയളവുകളിൽ യൂറോപ്പിൽ നിന്നും അമേരിക്ക വരെ യാത്ര ചെയ്യുന്നതിന് ഏകദേശം ഒരേസമയം, കൂടിവന്നാൽ ചില ദിവസങ്ങളുടെ വ്യത്യാസം മാത്രമാണ് ഉണ്ടായിട്ടുള്ളത്. ദാനിയേലിന്റെ കാലഘട്ടത്തിലുണ്ടായിരുന്ന കപ്പലുകളും 1800 കളിലെ കപ്പലുകളും ഏകദേശം ഒരേ സ്പീഡിലായിരുന്നു സഞ്ചരിച്ചിരുന്നത്. എന്നാൽ 19-ാം നൂറ്റാണ്ടിന്റെ മദ്ധ്യത്തിൽ ആവികൊണ്ട് ഓടുന്ന കപ്പലുകളും ട്രെയിനുകളും പഴയമക്ക് പകരമായി വന്നു, തുടർന്ന് വിമാനങ്ങൾ വന്നു. മനുഷ്യൻ കൃത്യമായി അവിടെക്കും, ഇവിടെയക്കും ഓടുന്നു. അതിനോടുകൂടെ ജ്ഞാനവും വർദ്ധിച്ചു. എല്ലാ മാതാപിതാക്കളും അവരുടെ കുഞ്ഞുങ്ങൾക്ക് ഉന്നത വിദ്യാഭ്യാസം ലഭിക്കുവാനാഗ്രഹിക്കുന്നു. അവർ സ്കൂളുകളിൽ പോയി ഒരു ബിരുദം നടന്നു. ചിലർ ഇപ്രകാരം പറയുന്നു ഒരോ രണ്ട് വർഷങ്ങൾ കഴിയുമ്പോഴും മനുഷ്യന്റെ ജ്ഞാനം ഇരട്ടിക്കുന്നു എന്ന്. വിദ്ധ്യാഭ്യാസം നമ്മുടെ നാട്ടിൽ മാത്രമല്ല, ആഫ്രിക്കൻ രാജ്യങ്ങളിലും, ഏഷ്യൻ മേഖലയിലും തെക്കെ അമേരിക്കയിലും ചില വർഷങ്ങളിൽ ഇരമ്പി എത്തി. വായിക്കുവാനോ, എഴുതുവാനോ കഴിയാതെ വെറും 5% ആളുകൾ മാത്രമായിരിക്കും ചില വർഷങ്ങൾക്കുള്ളിൽ ഉണ്ടാകുന്നത്. ഈ വാക്യത്തിന് മറ്റ് ചില അർത്ഥങ്ങൾ കൂടി ഉണ്ട്. ഇത് ദാനിയേൽ പ്രവചനത്തിൽ പറഞ്ഞിരിക്കുന്ന ജ്ഞാന വർദ്ധനവിനോട് വളരെ ഇഴുകി ചേർന്നിരിക്കുന്നു.


**ദാനി. 12:5-7**

മശിഹാ വന്ന് തന്റെ രാജ്യം സ്ഥാപിച്ച് നിറവേറ്റുന്നതിന് മുമ്പ് തന്റെ ജനത്തിന് എന്ത് സംഭവിക്കും എന്ന വെളിപ്പാട് ദാനിയേലിന് നല്കിയത് ശണവസ്ത്രം ധരിച്ച് യേശുക്രിസ്തു എന്ന പുരുഷനാണ്. യേശുക്രിസ്തു തന്റെ ശിഷ്യൻ യോഹന്നാന് അന്ത്യകാല പ്രവചനങ്ങൾ വെളിപ്പാട് പുസ്തകത്തിലൂടെ നല്കിയിട്ടുണ്ട്.

ദാനിയേൽ ഇപ്പോളും ടൈഗ്രീസ് നദിയുടെ തീരത്ത് നില്ക്കുന്നു എന്നത് നാം മറക്കരുത്, അദ്ധ്യായങ്ങൾ 10 മുതൽ 12 വരെ ഒരേ ദർശനമാണ്. അതിനാൽ 10:5-6 ൽ ശണവസ്ത്രം ധരിച്ച മനുഷ്യനെ കുറിച്ച് മുന്നമേ വിവരിച്ചിരിക്കുന്നു. എന്നാൽ ഈ കാഴ്ചയിലെ സൂചന ഈ നദിയുടെ രണ്ടു കരകളിലുമായി രണ്ട് ദൂതതുല്യമായ ജീവികളെ കണ്ടു. അതിൽ ഒന്ന് ശണവസ്ത്രം ധരിച്ചവനോട് സംസാരിച്ചു, അപ്പോൾ വെള്ളത്തിന് മീതെ മേഘം പിൻതുണച്ചു. "ഈ അതിശയ കാര്യങ്ങളുടെ അവസാനം എപ്പോൾ വരും" എന്ന് ചോദിച്ചു ശണവസ്ത്രം ധരിച്ചു നദിയിലെ വെള്ളത്തിൻ മീതെ നില്ക്കുന്ന പുരുഷൻ വലങ്കൈയ്യും ഇടങ്കയ്യും സ്വർഗ്ഗത്തേക്കുയർത്തി എന്നേക്കും ജീവിച്ചിരിക്കുന്നവനാണെ ഇനി കാലവും, കാലങ്ങളും, കാലാർദ്ധവും ചെല്ലും അല്ലങ്കിൽ $3^1/_2$ വർഷങ്ങൾ.

# പ്രത്യാശ തീരത്ത്

### ബ്രദർ പി. ടി. ഫിലിപ്പ്



**റാന്നി:** ബെംഗളൂരു ബഥനി ബ്രദറൺ അസംബ്ലി അംഗം കീക്കൊഴൂർ പൊട്ടക്കുളത്ത് വീട്ടിൽ ബ്രദർ പി. ടി. ഫിലിപ്പ് (86) കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു.ശവസംസ്കാരം ബംഗളൂരു ഹൊസൂർ റോഡ് ക്രിസ്ത്യൻ സെമിത്തേരിയിൽ നടത്തി.
**ഭാര്യ:**സിസ്റ്റർ മേരിക്കുട്ടി ഫിലിപ്പ്.
**മക്കൾ:** സിസ്റ്റർ മേഴ്സി മാത്യു & ബ്രദർ മോൻസി എം. മാത്യു ബ്രദർ തോമസ് ഫിലിപ്പ്, സിസ്റ്റർ ജോളി ഫിലിപ്പ്.

### സിസ്റ്റർ അന്നക്കുട്ടി



**ആലുവ:** ഇവാ. പി. എൽ. വർഗീസിന്റെ മാതാവ് കളമശ്ശേരി ബ്രദറൺ അസംബ്ലി അംഗം സിസ്റ്റർ അന്നക്കുട്ടി (95) കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. ശവസംസ്ക്കാരം മാർച്ച് 30ന് നടത്തി.

### സിസ്റ്റർ അന്നമ്മ ജോൺ



**എളന്തൂർ:** എളന്തൂർ പരിയാരം ബ്രദറൺ അസംബ്ലി അംഗം തെക്കേതിൽ പരേതനായ കെ എസ്. ജോണിന്റെ ഭാര്യ കീക്കൊഴൂർ എൻ. എം. യുപി സ്കൂൾ റിട്ട. അധ്യാപിക സിസ്റ്റർ അന്നമ്മ ജോൺ (സി. ഡി. അന്നമ്മ/പൊടിയമ്മ) (86) 2024 ഏപ്രിൽ 9ന് കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. ശവസംസ്കാരം നടത്തി.
**മക്കൾ:** ബ്രദർ രാജു & സിസ്റ്റർ മേഴ്സി, സിസ്റ്റർ ആനി & ബ്രദർ മോഹൻ, ബ്രദർ എബി & സിസ്റ്റർ ബീന.

### ബ്രദർ സജി മാത്യു



**ചിറ്റാർ:** കുടപ്പനകുളം ക്രിസ്ത്യൻ ബ്രദറൺ സഭാംഗം ബ്രദർ സജി മാത്യു (61) 2024 ഏപ്രിൽ 13ന് കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. ശവസംസ്കാരം നടത്തി.
**ഭാര്യ:** സിസ്റ്റർ സാറാമ്മ സജി.
**മക്കൾ:** സിസ്റ്റർ സിജി റെജി & ബ്രദർ റെജി ജോൺ.

### സിസ്റ്റർ രാജം ജെയിസ്




**തിരുവനന്തപുരം:** വെളിയംകോട് ബ്രദറൺ അസംബ്ലി അംഗം സിസ്റ്റർ രാജം ജെയിംസ് (82) ഏപ്രിൽ 8 ന് കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. ശവസംസ്കാരം നടത്തി.

### ബ്രദർ എൻ. ജി. മാത്യൂസ്



**കോട്ടയം:** അയ്മനം ബ്രദറൺ അസംബ്ലി അംഗം ഇവാ. ജോർജ്ജ് മാത്യുവിന്റെ പിതാവ് ബ്രദർ എൻ. ജി. മാത്യുസ് (80) കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു.
ശവസംസ്കാരം അയ്മനം ബ്രദറൺ അസംബ്ലി സെമിത്തേരിയിൽ നടത്തി.

### ബ്രദർ സി. വി. സാമുവൽ




**കുമ്പനാട് :** കുമ്പനാട് ബ്രദറൺ അസംബ്ലിയിലെ മൂപ്പന്മാരിൽ ഒരാളായ ബ്രോ. സി. വി. സാമുവൽ (90) കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. ശവസംസ്ക്കാരം നടത്തി.
**ഭാര്യ:** സിസ്റ്റർ ജോയമ്മ സാമുവൽ.
**മക്കൾ:** സിസ്റ്റർ ലെനി ഗ്രേസ് മാത്യു & ബ്രദർ ജോൺ മാത്യു, സിസ്റ്റർ ലെസ്സി ജോർജ് സാമുവൽ & സിസ്റ്റർ മഞ്ജു ലെസ്സി സാമുവൽ, ബ്രദർ ജെയൻ എബ്രഹാം ജോർജ് & ബ്രദർ എബ്രഹാം ജോർജ്, സിസ്റ്റർ സ്റ്റാൻലി തോമസ് സാമുവൽ & സിസ്റ്റർ പ്രിസില്ല സ്റ്റാൻലി സാമുവൽ.

### സിസ്റ്റർ അമ്മിണി വില്യംസ്



**തേനി:** തേനി ബ്രദറൺ അസംബ്ലി അംഗം സിസ്റ്റർ അമ്മിണി വില്യംസ് (69) ഹൃദയാഘാതത്തെത്തുടർന്ന് 2024 ഏപ്രിൽ 13ന് കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു.
**മക്കൾ:** സിസ്റ്റർ ജെസ്സി & ബ്രദർ ജോഫി, ബ്രദർ ജസ്റ്റിൻ & സിസ്റ്റർ ലിഡിയ.

### സിസ്റ്റർ രാധ കെ.



**തിരുവനന്തപുരം:** ഉച്ചക്കട ടൗൺ ബ്രദറൺ അസംബ്ലി അംഗം സിസ്റ്റർ രാധ കെ. (72) 2024 ഏപ്രിൽ 14ന് കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. ശവസംസ്കാരം നടത്തി.

### ബ്രദർ എം. ടി. തോമസ്



**കർണാടക:** ബാംഗ്ലൂർ ബെഥെസ്ദ അംബ്ലി അംഗം ക്ലാരൻസ് ഹൈസ്കൂൾ മുൻ പ്രിൻസിപ്പൽ ബ്രോ. എം. ടി. തോമസ് (91) 2024 ഏപ്രിൽ 12ന് കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. ശവസംസ്കാരം നടത്തി.
**ഭാര്യ:** സിസ്റ്റർ ഏലിയാമ്മ തോമസ്.

### ബ്രദർ ജോസ് പി.ഡി




**മല്ലപ്പള്ളി :** ചേലക്കൊമ്പ് ചക്കനാംപൊയ്ക ബ്രദറൺ അസംബ്ലി അംഗം ബ്രദർ ജോസ് പി. ഡി (66) കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു.
ചേലക്കൊമ്പ് ചക്കനാം പൊയ്ക ബ്രദറൺ അസംബ്ലി സെമിത്തേരിയിൽ ശവസംസ്ക്കാരം നടത്തി.

### ബ്രദർ കെ. എ. എബ്രഹാം



**കോട്ടയം:** അരീപ്പറമ്പ് ക്രിസ്ത്യൻ ബ്രദറൺ ചർച്ച് അംഗം കൊടുന്തറയിൽ ഇവാ. കെ. എ. എബ്രഹാം (84) കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു.ശവസംസ്ക്കാരം ഏപ്രിൽ 5 ന് നടത്തി.
**ഭാര്യ :** അച്ചാമ്മ എബ്രഹാം.
**മക്കൾ:** സിസ്റ്റർ റൂത്ത് & ബ്രദർ ജോജു പൊയ്കയിൽ ബ്രദർ എബ്രഹാം & സിസ്റ്റർ ശോഭ, സിസ്റ്റർ അന്നമ്മ & പരേതനായ ബൈജു, ബ്രദർ ബോവാസ് & സിസ്റ്റർ ഷോബി

### ബ്രദർ സ്റ്റാൻലി ജി സാമുവൽ



**കുറ്റപ്പുഴ:** യുഎസിലെ അയോവയിലെ സെന്റ് ഡൊണാറ്റസിലെ ക്രിസ്ത്യൻ ചർച്ച് അംഗം ബ്രദർ സ്റ്റാൻലി ജി സാമുവൽ (53) കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. ശവസംസ്കാരം നടത്തി.
**ഭാര്യ:** സിസ്റ്റർ ഷീല ഫൗസ്റ്റ്.
**മക്കൾ:** സിസ്റ്റർ അഭിഗെയിൽ & ബ്രദർ ആരോൺ, സിസ്റ്റർ ഹന്ന, ബ്രദർ യെശയ്യാ സ്റ്റാൻലി, ബ്രദർ ഫിലിപ്പ് സ്റ്റാൻലി, സിസ്റ്റർ റേച്ചൽ സ്റ്റാൻലി, ബ്രദർ സൈലസ് സ്റ്റാൻലി.

### ബ്രദർ പി. വി. മാത്യു



**മൈലപ്ര:** മൈലപ്ര ക്രിസ്ത്യൻ ബ്രദറൺ ചർച്ച് അംഗം പുല്ലാനിവേലിക്കൽ വീട്ടിൽ ബ്രദർ പി. വി. മാത്യു (ബേബി-91) മാർച്ച് 28ന് കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. ഏപ്രിൽ 3ന് രാവിലെ 10.00ന് മൈലപ്ര ക്രിസ്ത്യൻ ബ്രദറൺ ചർച്ച് സെമിത്തേരിയിൽ ശവസംസ്ക്കാരം നടത്തി.
**മക്കൾ:** ബ്രദർ ചാർലി മാത്യു & സിസ്റ്റർ ഷെർലി, സിസ്റ്റർ ഷെർലി ഡേവിഡ് & ബ്രദർ ഡേവിഡ്.

### സിസ്റ്റർ വൽസമ്മ ജോർജ്ജ്



**എറണാകുളം:** തൃപ്പൂണിത്തുറ എബനേസർ ബ്രദറൺ അസംബ്ലി അംഗം മാമല കാലായിൽ വീട്ടിൽ ബ്രദർ കെ. ജി സിസ്റ്റർ ജോർജ്ജിന്റെ ഭാര്യ സിസ്റ്റർ വൽസമ്മ ജോർജ്ജ് (73) കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. ശവസംസ്കാരം മാമല ബ്രദറൺ സെമിത്തേരിയിൽ നടത്തി.
**മക്കൾ:** സിസ്റ്റർ പ്രീതി ഡേവിഡ് & ബ്രദർ ഡേവിഡ് സാമുവൽ സിസ്റ്റർ രേഖ സാബു & ബ്രദർ സാബു പി. കെ. ബ്രദർ അരുൺ ജോർജ്ജ് & സിസ്റ്റർ സെറിൻ അരുൺ.

### ബ്രദർ ബോക രാജ് കുമാർ



**ആന്ധ്രാപ്രദേശ്:** ബെഥേൽ ബ്രദറൺ അസംബ്ലി അംഗവും സുവിശേഷകനുമായ ഇവാ. ബോക രാജ് കുമാർ(31) കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. ശവസംസ്കാരം നടത്തി.

### സിസ്റ്റർ തങ്കമ്മ മാത്യു



**റാന്നി:** കീക്കൊഴൂർ ബ്രദറൺ അസംബ്ലി അംഗം ആയ സിസ്റ്റർ തങ്കമ്മ മാത്യു (79) കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു.
**മക്കൾ:** ബ്രദർ ജോസ്, ബ്രദർ റെജി, സിസ്റ്റർ ഷൈല, സിസ്റ്റർ ലാലി, സിസ്റ്റർ ജയ, സിസ്റ്റർ മിനി, സിസ്റ്റർ അനി.
ശവസംസ്ക്കാരം മാർച്ച് 30ന് നടത്തി.

### സിസ്റ്റർ റേച്ചൽ ഫിലിപ്പ്



**കല്ലിശ്ശേരി:** രഹോബോത്ത് ബ്രദറൺ അസംബ്ലി അംഗം കല്ലിശ്ശേരി സിസ്റ്റർ റേച്ചൽ ഫിലിപ്പ് (74) കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. ശവസംസ്ക്കാരം ഏപ്രിൽ 3 ന് കല്ലിശ്ശേരി ബ്രദറൺ സെമിത്തേരിയിൽ നടത്തി.
**മക്കൾ:** സിസ്റ്റർ വർഗ്ഗീസ് ഫിലിപ്പ് (സിനാജ്) & സിസ്റ്റർ ലിസ്സ രാജു എബ്രഹാം

### ബ്രദർ മത്തായി വർഗീസ്



**പത്തനാപുരം :** കലഞ്ഞൂർ ബ്രദറൺ ക്രിത്യസ്ൻ ചർച്ചിലെ സുവിശേഷകൻ ഇവാ. മത്തായി വർഗീസ് (85) 2024 ഏപ്രിൽ 12ന് കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. ശവസംസ്കാരം നടത്തി.
**ഭാര്യ:** പരേതയായ മറിയാമ്മ വർഗീസ്.
**മക്കൾ** : ബ്രദർ ബിജു ടി. വർഗീസ് & സിസ്റ്റർ അനി ബിജു, സിസ്റ്റർ ഷാലി ജോസ് & ബ്രദർ ജോസ് ജോർജ് , സിസ്റ്റർ മോനി രാജു & ബ്രദർ കെ. സി. രാജു.



# പ്രാർത്ഥന – സഹായം

## ബ്രദർ രാജു ജോർജിനു വേണ്ടി പ്രാർത്ഥിക്കുക

**എഴുമറ്റൂർ:** മേലെകീഴ് ബ്രദറൺ അസംബ്ലി അംഗം ബ്രദർ രാജു ജോർജിനുവേണ്ടി പ്രാർത്ഥിക്കുക ജോലിക്കിടെ ഒരു അപകടത്തിൽ പെട്ടു. രണ്ട് കാൽവിരലുകൾക്ക് ഒടിവുണ്ടായി. ഇപ്പോൾ വീട്ടിൽ വിശ്രമിക്കുന്നു. വേഗത്തിലും പൂർണ്ണമായും സുഖം പ്രാപിക്കാൻ പ്രാർത്ഥിക്കുക.

## രോഗസൗഖ്യത്തിനായി പ്രാർത്ഥിക്കുക

**ചെന്നൈ:** ബ്രദർ കെ. എ മാത്യുവിന്റെ മകൻ ക്രിസ്റ്റഫർ മാത്യുവിന് (ബോണി 34) രണ്ടാഴ്ച മുമ്പ് ക്രോണിക് കിഡ്നി ഡിസീസ്- സ്റ്റേജ് 5ഡി) കണ്ടെത്തുകയും ചെന്നെ അപ്പോഴോ ആശുപത്രിയിലും വെല്ലൂരിലെ സിഎംസി ആശുപത്രിയിലും പരിശോധന നടത്തി. ആഴ്ചയിൽ മൂന്ന് തവണ ഡയാലിസിസ് ചെയ്യണമെന്നും പിന്നീട് ദാതാവിന്റെ ലഭ്യത അനുസരിച്ച് വൃക്ക മാറ്റിവെക്കണമെന്നും ഡോക്ടർമാർ നിർദ്ദേശിച്ചിട്ടുണ്ട്. രോഗസൗഖ്യത്തിനായി പ്രാർത്ഥിക്കുക.

## ബ്രദർ പി. കെ. യോഹന്നാനു വേണ്ടി പ്രാർത്ഥിക്കുക

**ഉത്തർ പ്രദേശ്:** ഇവാ. പി. കെ. യോഹന്നാൻ ഏപ്രിൽ 12 ന് ഒരു ബൈക്ക് അപകടമുണ്ടായി. അദ്ദേഹത്തിന് ഇതിനകം നിരവധി ശാരീരിക അസ്വസ്ഥതകൾ ഉണ്ടായി പൂർണ സൗഖ്യത്തിനായി പ്രാർത്ഥിക്കുക, സഹായിക്കുക. അക്കൗണ്ട് വിവരങ്ങൾ ചുവടെ നൽകുന്നു.

Name: P K Yohannan
SBAccount Number: 10418073969
Bank: State Bank of India
IFS Code: SBIN0001818
Branch: Izatnagar

## രോഗ സൗഖ്യത്തിനായി പ്രാർത്ഥിക്കുക

**മല്ലപ്പള്ളി:** മല്ലപ്പള്ളി പാടിമൺ പേക്കാവ് മുരണി ബ്രദറൺ സഭാംഗവും മടത്തുംചാൽ ബ്രദറൺ സഭാ സുവിശേഷകനുമായ ഇവാ. തോമസ് പി. സി. വൻകുടൽ ക്യാൻസർ ബാധിതനായി തിരുവനന്തപുരം R.C.C യിൽ ചികിത്സയിൽ തുടരുന്നു 03/01/24 സർജറി കഴിഞ്ഞു. തുടർന്നുള്ള പരിശോധനയിൽ കരൾ ഉൾപ്പെടെയുള്ള ഭാഗങ്ങളിൽ രോഗവ്യാപനം ഉള്ളതിനാൽ ഹൈകിമോതെറാപ്പി ചെയ്തുകൊണ്ടിരിക്കുന്നു 6 മാസത്തിനകം 12 കിമോ തുടർച്ചയായി ചെയ്യുണം മുടങ്ങുവാൻ പാടില്ല. ഇപ്പോൾ നാല് കിമോ ചെയ്തു കഴിഞ്ഞാൽ ഒരു കിമോയ്ക്കും മരുന്നിനും മറ്റു ചിലവുകൾക്കും 50000/- രൂപ ചിലവുണ്ട് ഇനിയും 8 കിമോ കൂടി എടുക്കണം കഴിഞ്ഞ 12 വർഷമായി പ്രമേഹ രോഗ ചികിത്സയിൽ തുടരുന്നു. കിമോയുടെ പാർശ്വഫലങ്ങളാൽ തിരുവല്ല മെഡിക്കൽ മിഷനിൽ അഡ്മിറ്റ് ആകാറുമുണ്ട്. ഇതുവരെയുള്ള ചിലവുകൾ ദൈവജനത്തിന്റെ സഹായത്താൽ നടത്തപ്പെട്ടു. ഇനിയുള്ള ചിലവുകൾക്ക് പണം ഇല്ലാത്തതിനാൽ ഭാരപ്പെടുന്നു അടിയന്തരമായി ദൈവജനം പ്രാർത്ഥിക്കുകയും സഹായിക്കുകയും ചെയ്യുമല്ലോ. ഇതുവരെയും പ്രാർത്ഥിക്കുകയും സഹായിക്കുകയും ചെയ്തു. എല്ലാവരോടും കർത്തൃനാമത്തിൽ നന്ദി അറിയിച്ചുകൊള്ളുന്നു.

Name as in the Account: Thomas P C
SB Account Number: 67365789886
Bank: State Bank of India
IFS Code: SBIN0070087
Branch: Mallappally

## ബ്രദർ ഇവാ. ടി. എ. അലക്സാണ്ടറിനു വേണ്ടി പ്രാർത്ഥിക്കുക

**ഡൽഹി :** ഇവാ. ടി. എ. അലക്സാണ്ടറിനു വേണ്ടി പ്രാർത്ഥിക്കുക. ഡിസ്ക് കംപ്രഷൻ കാരണം നട്ടെല്ലിന് ശസ്ത്രക്രിയ നടത്തേണ്ടതുണ്ട്. രണ്ട് കാലുകൾക്കും മരവിപ്പിനെ തുടർന്ന് ബാലൻസ് നഷ്ടപ്പെടുകയാണ്. അദ്ദേഹത്തിന് നടക്കാൻ ബുദ്ധിമുട്ടാണ്. ഈ മാസത്തിൽ ന്യൂഡൽഹിയിലെ എയിംസിൽ ശസ്ത്രക്രിയയ്ക്ക് വിധേയനായിരുന്നു. പൂർണ സൗഖ്യത്തിനായി പ്രാർത്ഥിക്കുക.

## വിവാഹ സഹായം

**അമരവിള:** അമരവിള ബ്രദറൺ സഭാംഗമായ ബ്രദർ. ഡി. സുരേഷ് കുമാർ മൂത്തമകൾ നീതു. എസ്. ന്റെ വിവാഹംനിശ്ചയം 20-02-2024 ൽ നടത്തി. മഞ്ഞാലുമൂട് പ്ലാവിള ബെഥേൻ ബ്രദറൺ സഭാംഗമായ ബ്രദർ. ഷാജി എം. ആണ് വരൻ. ഇവരുടെ വിശുദ്ധ വിവാഹം 2024 മെയ് 23-ാം തീയതി അമരവിള ബ്രദറൺ അസംബ്ലിയുടെ ചുമതലയിൽ അമരവിള ബ്രദറൺ സഭാഹാളിൽ വച്ച് നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു. രണ്ടു കുടുംബങ്ങളും വളരെ സാധുക്കളും നിർധനരുമാണ്. ബ്രദർ സുരേഷ്കുമാർ ഹാർട്ട് ഓപ്പറേഷൻ കഴിഞ്ഞ് 3 സ്റ്റെന്റ് ഇട്ടു കഴിയുന്ന വ്യക്തിയാണ് എങ്കിലും ഓട്ടോറിക്ഷ ഓടിച്ച് ഉപജീവനം കഴിക്കുന്നു. സഭയായിട്ടാണ് വിവാഹകാര്യങ്ങൾ നടത്തുന്നത്. വിവാഹത്തിനും വിവാഹ ഇതര ആവശ്യങ്ങൾക്കുമായി ഏകദേശം 3 ലക്ഷത്തിലധികം രൂപ ചെലവ് വരും. ഈ ആവശ്യത്തിനായി സഭയിലെ ചുമതലപ്പെട്ട 2 പേരുടെ പേരിൽ ഒരു ജോയിന്റ് അക്കൗണ്ട് തുടങ്ങിയിട്ടുണ്ട്. ഈ വിഷയത്തെ ഓർത്ത് ദൈവജനം പ്രാർത്ഥിക്കുകയും കഴിയുന്നിടത്തോളം സാമ്പത്തിക സഹായം നൽകി സഹായിക്കുകയും ചെയ്യണമെന്ന് കർതൃനാമത്തിൽ അഭ്യർത്ഥിക്കുന്നു.

ബ്രദർ. ഡി സുരേഷ്കുമാർ
9946469413
അക്കൗണ്ട് നമ്പർ
George C and Sunil D
A/c No. 110169239300
Canara Bank, Amaravila
IFSC Code CNRB0014007
MICR Code : 695015912

## സിസ്റ്റർ എലിസബത്ത് തോമസിനു വേണ്ടി പ്രാർത്ഥിക്കുക

**പുല്ലാട്:** സിസ്റ്റർ എലിസബത്ത് തോമസ് ഏതാനും മാസങ്ങളായി കിഡ്നി അണുബാധയെ തുടർന്ന് ചികിത്സയിലായിരുന്നു. മാർച്ച് 28 ന് സ്റ്റെന്റ് നീക്കം ചെയ്യുന്നതിനും ബയോപ്സി ചെയ്യുന്നതിനുമുള്ള നടപടിക്രമങ്ങൾക്ക് വിധേയയായിരുന്നു. പൂർണമായ സൗഖ്യത്തിനായി പ്രാർത്ഥിക്കുക.

## സിസ്റ്റർ സൂസമ്മ സജിക്കു വേണ്ടി പ്രാർത്ഥിക്കുക

**മുണ്ടമല:** പുറമറ്റം ബ്രദറൺ അസംബ്ലി അംഗം വെള്ളിക്കര വീട്ടിൽ സൂസമ്മ സജിക്കു വേണ്ടി പ്രാർത്ഥിക്കുക. 2017 ൽ (ലാംബെർട്ട് ഈറ്റൺ മയസ്തെനിക് സിൻഡ്രോം) ശരീരത്തിലെ നാഡികൾ ചുരുങ്ങുന്ന രോഗം ബാധിച്ചു. തിരുവനന്തപുരത്തെ ശ്രീചിത്രാ ഹോസ്പിറ്റലിൽ (SCTIMST) ചികിത്സയിലായിരുന്നു. ശ്രീചിത്രാ ഹോസ്പിറ്റലിൽ കൺസഷൻ ലഭിക്കുമെങ്കിലും ഒരു ലക്ഷത്തിലധികം രൂപ തിരുവല്ല ടി. എം. എമ്മിൽ ചെലവഴിച്ചു. കടം വാങ്ങിയാണ് ബില്ലടച്ചത്. പെയിന്ററിങ് തൊഴിലാളിയായ ബ്രദർ സജിക്ക് ചികിത്സാ ചെലവുകൾ താങ്ങാൻ കഴിയുന്നതല്ല. എല്ലാവരും സഹോദരിക്കു വേണ്ടി പ്രാർത്ഥിക്കുകയും സഹായിക്കുകയും ചെയ്യുക. സിസ്റ്റർ സൂസമ്മ സജിയുടെ മകന്റെ അക്കൗണ്ട് വിവരങ്ങൾ താഴെ തന്നിരിക്കുന്നു.

Name of the Account holder: Sanal V Saji
SB Account Number: 13490100129855
Bank: Federal Bank Limited
IFS Code: FDRL0001349
Branch: Kumbanad

## ബ്രദർ എം. എൽ. സാംകുട്ടിക്കു വേണ്ടി പ്രാർത്ഥിക്കുക

**വെണ്ണിക്കുളം :** തടിയൂർ കരിക്കാട് ബ്രദറൺഅസംബ്ലിയിലെ മൂപ്പന്മാരിൽ ഒരാളായ എം. എൽ. സാംകുട്ടി ഹൃദയാഘാതത്തെ തുടർന്ന് തിരുവല്ല ടി എം എം ഹോസ്പിറ്റലിലെ കാർഡിയാക് ഐസിയുവിൽ പ്രവേശിപ്പിച്ചിരിക്കുകയാണ്. അദ്ദേഹത്തിന് രണ്ട് ബ്ലോക്കുകളുണ്ട് മുമ്പ് അദ്ദേഹം മുംബൈയിൽ വെച്ച് ആൻജിയോപ്ലാസ്റ്റിക്ക് വിധേയനായിരുന്നു. ഇപ്പോൾ അദ്ദേഹത്തിന്റെ നില അതീവ ഗുരുതരമാണ്. അദ്ദേഹത്തിന്റെ ചികിത്സയ്ക്ക് അസംബ്ലികളുടെയും വിശ്വാസികളുടെയും സാമ്പത്തിക സഹായം ആവശ്യമാണ്. അദ്ദേഹത്തിന് പൂർണ സൗഖ്യത്തിനായി പ്രാർത്ഥിക്കുക.

Name : Samkutty Maruthuveleil Lukose
SB Account number : 21150100033388
Bank : Federal Bank Limited
IFS Code : FDRL0002115
Branch : Thelliyoor

## സിസ്റ്റർ സനിത ബേബിക്കു വേണ്ടി പ്രാർത്ഥിക്കുക

**തിരുവനന്തപുരം:** സിസ്റ്റർ സനിതക്കു വേണ്ടി പ്രാർത്ഥിക്കുക. സഹോദരി ഹൃദ്രോഗത്തിന് തിരുവനന്തപുരത്തെ കാരക്കോണത്തെ മെഡിക്കൽ കോളേജ് ആശുപത്രിയിൽ ചികിത്സയിലാണ്. സഹോദരിക്കു ഓരോ 20 ദിവസത്തിലും രക്തപ്പകർച്ച ആവശ്യമാണ്. വേഗത്തിലും പൂർണമായും സൗഖ്യത്തിനായി ഏവരും പ്രാർത്ഥിക്കുക.

## ബ്രദർ ജോസ് മാത്യുവിനു വേണ്ടി പ്രാർത്ഥിക്കുക

**രാജസ്ഥാൻ:** ഇവാ. ജോസ് മാത്യുവിനു വേണ്ടി പ്രാർത്ഥിക്കുക. ഇടത് കാലിലെ ഡയബറ്റിക് സെല്ലുലൈറ്റിസിനെ തുടർന്ന് ഏപ്രിൽ 17ന് അദ്ദേഹത്തെ ജയ്പൂരിലെ പിങ്ക് സിറ്റി ഹാർട്ട് ആൻഡ് ജനറൽ ഹോസ്പിറ്റലിൽ പ്രവേശിപ്പിച്ചു. പൂർണ സൗഖ്യത്തിനായി പ്രാർത്ഥിക്കുക.

## സിസ്റ്റർ റോസമ്മക്കു വേണ്ടി പ്രാർത്ഥിക്കുക

**കൊട്ടാരക്കര :** വേങ്ങൂർ ബ്രദറൺ അസംബ്ലി അംഗം റോസമ്മ ബ്രെയിൻ ട്യൂമർ ബാധിച്ച് കഴിഞ്ഞ ഏതാനും ആഴ്ചകളായി തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിൽ ചികിത്സയിലായിരുന്നു. പൂർണ സൗഖ്യത്തിനായി പ്രാർത്ഥിക്കുക.

## സിസ്റ്റർ ജ്യോതിക്കു വേണ്ടി പ്രാർത്ഥിക്കുക

**കർണാടക:** യെൽവാളിലെ മൗണ്ട് മോറിയ ബ്രദറൺ ചർച്ച് അംഗം സിസ്റ്റർ ജ്യോതി (43) ഷുഗർ ലെവൽ ഉയർന്നതിനെത്തുടർന്നു ചികിത്സയിലാണ് ആശുപത്രിയിൽ സൗജന്യ ചികിത്സക്കു റേഷൻ കാർഡോ ബിപിഎൽ കാർഡോ ഇല്ല. ചികിത്സാ ചെലവുകൾ വഹിക്കാൻ വളരെ ബുദ്ധിമുട്ടുന്നു. പ്രാർത്ഥനാപൂർവ്വം ബ്രദറൺ അസംബ്ലികളെയും വിശ്വാസികളെയും സമീപിക്കുന്നു. ഏവരും പ്രാർത്ഥിക്കുക സഹായിക്കുക.

Name of the Account: Mount Moriah Brethen Church
SB Account Number : 0555101056253
IFS Code : CNRB0000555
Bank : Canara Bank
Branch : Yelwal

## സിസ്റ്റർ മേരി അഞ്ചനു വേണ്ടി പ്രാർത്ഥിക്കുക

**കർണാടക:** സിസ്റ്റർ മേരി അഞ്ചുനു വേണ്ടി പ്രാർത്ഥിക്കുക. സഹോദരി അടുത്തിടെ ഉണ്ടായ വീഴ്ചയിൽ ഒടിവുകൾ ഉണ്ടായി കിടപ്പിലാണ്. പൂർണമായ സൗഖ്യത്തിനായി ഏവരും പ്രാർത്ഥിക്കുക.

## സുവിശേഷയോഗവും സംഗീത ശുശ്രൂശയും

**പറവൂർ :** ഏപ്രിൽ 27, 28, 29 (ശനി, ഞായർ, തിങ്കൾ എന്നീ ദിവസങ്ങളിൽ പറവൂർ ഗലീലിയ പള്ളിക്ക് സമീപം വൈകിട്ട് 6.30 മുതൽ 9.00 വരെ സുവിശേഷ യോഗവും സംഗീത ശുശ്രുഷയും നടക്കും. ഇവാ. ജോർജ്ജ് മാത്യു, മുംബൈ, ഇവാ. ചാണ്ടപിള്ള ഫിലിപ്പ്, കോട്ടയം, ഇവാ. എബി കെ. ജോർജ്ജ്, മല്ലശ്ശേരി എന്നിവരാണ് സുവിശേയോഗത്തിന്റെ പ്രാസംഗികർ. ബ്രദർ ജോഷുവ മനോജ്, സിസ്റ്റർ രൂത്ത് മനോജ്, എന്നിവർ നയിക്കുന്ന സംഗീത ശുശ്രൂഷയും ഉണ്ടായിരിക്കും.

## സിസ്റ്റേഴ്സ് കോൺഫറൻസ് നടത്തി

**കൊല്ലം:** സോദരി ഭവന്റെ ആഭിമുഖ്യത്തിൽ ഏപ്രിൽ 10 മുതൽ 12 വരെ സിസ്റ്റേഴ്സ് കോൺഫറൻസ് നടത്തി. വിശ്വാസിയും വിശുദ്ധിയും എന്ന വിഷയത്തെ ആസ്പദമാക്കി നടന്ന മീറ്റിങ്ങിൽ സിസ്റ്റർ ഗ്രെയ്സ് മാത്യു (തിരുവല്ല), സിസ്റ്റർ സിസ്സി സജി (മല്ലശ്ശേരി) എന്നിവർ വചന ശുശ്രൂഷകൾ നിർവഹിച്ചു.

## സിയോൺ ബ്രദറൺ ചർച്ച് കൺവൻഷൻ നടത്തി

**മലയിൽപുതുവൽ :** മലയിൽ പുതുവൽ വനിത സാംസ്കാരിക നിലയത്തിനു സമീപം ഏപ്രിൽ 4 മുതൽ 7 വരെ കൺവൻഷൻ നടത്തി. ജോൺ ജോസഫ് കോട്ടയം, ബ്രദർ ബെനിസൺ ബാബു ഇടപ്പറമ്പിൽ, ജയ്മോൻ കഞ്ഞിക്കുഴി എന്നിവർ വചന ശുശ്രുഷ നടത്തി.

## ബ്രദറൺ കൺവൻഷൻ കുമ്പനാട്

**കുമ്പനാട്:** 2024 മാർച്ച് മാസം കൂടിയ പ്രതിപുരുഷ യോഗതീരുമാന പ്രകാരം 119-മതു ബ്രദറൺ കൺവൻഷൻ താഴെപ്പറയുന്ന സ്ഥലത്തും സമയത്തും നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു.
സ്ഥലം : ജനറൽ കൺവൻഷൻ മൈതാനം, കുമ്പനാട്
തീയതി : 2024 ഡിസംബർ 29 ഞായർ മുതൽ 2025 ജനുവരി 5 ഞായർ വരെ വിശദവിവരങ്ങൾ പിന്നീട് അറിയിക്കുന്നതാണ്. അനുഗ്രഹങ്ങൾക്കായും അനുകൂല സാഹചര്യങ്ങൾക്കായും ദൈവജനം പ്രാർത്ഥിക്കുക.

## ഫാമിലി കോൺഫറൻസ് നടത്തി

**കർണാടക:** ഭദ്രാവതി ക്രിസ്ത്യൻ അസംബ്ലിയിൽ ഏപ്രിൽ 9 മുതൽ 11 വരെ ഫാമിലി കോൺഫറൻസ് നടത്തി. വിവാഹം, കുടുംബം, കുടുംബവും ആരാധനാലയവും തുടങ്ങി വിഷയങ്ങളെ ആസ്പദമാക്കി ബ്രദർ ജോസ് മാത്യുസ്, ബ്രദർ തോംസൺ ബി തോമസ്, ബ്രദർ രാജു കോശി എന്നിവർ പ്രഭാഷണം നടത്തി.

## മുറ്റത്തു കൺവൻഷൻ

**ഇരുമ്പൂന്നിക്കര:** പുലിക്കുന്ന് ബ്രദറൺ സഭയുടെ ചുമതലയിൽ 2024 ഏപ്രിൽ 5, 6 തീയതികളിലായ ബ്രദർ കെ. കെ. സൈമണിന്റെ ഭവനാങ്കണത്തിൽ വെച്ച് മുറ്റത്ത് കൺവഷൻ നടത്തി. ബ്രദർ കെ. കെ. സന്തോഷ്കുമാർ, ബ്രദർ പി. ജെ. ഏലിയാസ് എന്നിവർ വചന പ്രഘോഷണം നടത്തി.

## മിനി കൺവൻഷൻ

**മുണ്ടുകോട്ടയ്ക്കൽ:** 2024 ഏപ്രിൽ ദിവസങ്ങളിൽ മുണ്ടകോട്ടയ്ക്കൽ ബ്രദറൺ അസംബ്ലി ഹാളിൽ മിനി കൺവൻഷൻ നത്തി. റ്റി. പി. കനകരാജ്, തോമസ് ജേക്കബ് എന്നിവരായിരുന്നു പ്രസംഗികർ.

## ബ്രദറൺ അസംബ്ലി വരേണിക്കൽ മാവേലിക്കര

**വരേണിക്കൽ:** ആലപ്പുഴ ജില്ലയിൽ മാവേലിക്കര വരേണിക്കൽ എന്ന സ്ഥലത്ത് നിന്ന് ബ്രദർ എൻ. പി. ഗംഗാധരൻ കർത്താവിന്റെ വേല ആരംഭിച്ചു. ഈ സഭയുടെ ശുശ്രൂഷയുടെ ഫലമായി അനേകർ ഇതര സ്ഥലങ്ങളിലുള്ള നമ്മുടെ സഭകളിൽ ദൈവത്തെ ആരാധിച്ചു വരുന്നു. സഭയ്ക്കു സ്വന്തമായി ഒരു സെമിത്തേരി ഇല്ലാത്തതിന്റെ ബുദ്ധിമുട്ട് ചില സഹോദരങ്ങളുടെ മരണ സന്ദർഭത്തിൽ സഭ വളരെ അനുഭവിച്ചിട്ടുണ്ട്. ഇപ്പോൾ ഒരു മൂന്ന് കി. മീറ്റർ പരിധിയിലുള്ള, നിരവധി സെമിത്തേരികളുടെ മദ്ധ്യത്തിലുള്ള പെന്തക്കൊസ്ത് സഭാവക മൂന്നു സെല്ലും അത് ഉൾപ്പെട്ടു നില്ക്കുന്ന സ്ഥലവും 6 ലക്ഷം രൂപയ്ക്ക് വാങ്ങാൻ ധാരണയായിട്ടുണ്ട്.

സഭയിലുള്ള വിശ്വാസികളിൽ മിക്കവരും സാമ്പത്തിക ബുദ്ധിമുട്ട് അനുഭവിക്കുന്ന വിശ്വാസികളാണ്. അവർ അവരാൽ കഴിയുന്ന തുക സെമിത്തേരിയുടെ ആവശ്യത്തിനായി നൽകുന്നുമുണ്ട്. ആകയാൽ സഹോദരി സഹോദരൻമാരും ഈ ആവശ്യം ഓർത്ത് പ്രാർത്ഥിക്കുകയും സാമ്പത്തികമായി സഹായിക്കുകയും ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നു. അക്കൗണ്ട് വിവരങ്ങൾ ചുവടെ നൽകുന്നു.

Name as in the accountant : Gangadharan & Bose V G
SB A/c Number : 617602010010227
Bank: Union Bank of India
Branch: Kurathiad
IFSCode: UBIN0561762
Adress for Communication:
BRETHREN ASSEMBLY, VARENICKAL
C/o Evg. N. P. Gangadharan
Plavilayil, Varenickal P.O.
Mavelikara, Alappuzha District
Kerala, India, PIN -690107

## എസ്. ബി. എസ്. സമ്മർ ക്യാമ്പ്

**ആലുവ:** എസ്. ബി. എസ്. വാളകം സെന്റിന്റെ സമ്മർ ക്യാമ്പ് 2024 ഏപ്രിൽ 29 തിങ്കൾ മുതൽ മെയ് 1 വരെ ആലുവ വൈ എം സി എ ക്യാമ്പ് സെന്ററിൽ വെച്ച് നടത്തപ്പെടും. “The Amazing Race”എന്ന തീമിനെ അടിസ്ഥാനമാക്കി പുതുതലമുറയെ അവരുടെ ജീവിതത്തിന്റെ വിവിധ പടവുകളിൽ ദൈവഹിതം മനസ്സിലാക്കി ഫലപ്രദവും വിജയകരവുമായ ക്രിസ്തീയ ജീവിതം നയിക്കുവാൻ പര്യാപ്തമാക്കുകയും വിശ്വാസത്തിൽ ഉറപ്പിക്കുകയും ചെയ്യുക എന്നതാണ് ഈ ക്യാമ്പിലൂടെ ലക്ഷ്യമാക്കുന്നത്.

## വിമൻസ് ബൈബിൾ ക്യാമ്പ്

**നെല്ലിക്കുന്ന്:** സീയോൻ ബ്രദറൺ ചർച്ചിന്റെ ആഭിമുഖ്യത്തിൽ ഏപ്രിൽ 8 തിങ്കൾ മുതൽ 12 വെള്ളി വരെ വിമൻസ് ബൈബിൾ ക്യാമ്പ് നടത്തി സുവി. എബി കെ ജോർജ്, മല്ലശ്ശേരി, സഹോ. ഷീബ ജോണി പൂഞ്ഞാർ എന്നിവരായിരുന്ന ക്യാമ്പ് ലീഡേഴ്സ്.

## വൈ. എം. ഇ. എഫ്. യൂത്ത് ക്യാമ്പ്

**കട്ടപ്പന:** വൈ. എം. ഇ. എഫ്. യൂത്ത് ക്യാമ്പ് സെപ്റ്റംബറിൽ സിയോൻ പബ്ലിക് സ്കൂൾ കാഞ്ചിയാർ കട്ടപ്പനയിൽ വെച്ച് നടക്കും. വ്യത്യസ്തരായിക്കാൻ ധൈര്യം കാണിക്കുക എന്നതാണ് തീം. ക്യാമ്പ് ലീഡേഴ്സ് ബ്രദർ. ചാണ്ടപ്പിള്ള ഫിലിപ്പ്, ബ്രദർ. തോംസൺ ബി തോമസ്, ബ്രദർ. സുഭാഷ് തങ്കച്ചൻ, ബ്രദർ. പ്രമോദ് തോമസ്, ബ്രദർ. ബിനു സാമുവൽ, ബ്രദർ. ജി ധർമ്മരാജ്, ബ്രദർ. ബെൻ തോമസ്, ബ്രദർ. ഷൈൻ പി അസി ബ്രദർ. ഗർഷോം എന്നിവരാണ്.

## അഡ്രസ് മാറ്റം

**നെല്ലിക്കാക്കുഴി:** നെല്ലിക്കാക്കുഴി ബ്രദറൺ സഭയുടെ എല്ലാവിധ കത്തിടപാടുകളും താഴെ തന്നിരിക്കുന്ന സുവിശേഷകന്റെ മേൽ വിലാസത്തിൽ അയയ്ക്കണമെന്ന് അപേക്ഷിക്കുന്നു.

Victor. D (Evgt)
Yehova Yere
Nellikkakuzhi
Kanjiramkulam P.O.
Thiruvananthapuram
695524

## വൈ. എം. ഇ. എഫ് പ്രതിമാസ സമ്മേളനം നടത്തി

**കോട്ടയം :** വൈ. എം. ഇ. എഫ് കോട്ടയം സെന്ററിന്റെ പ്രതിമാസ സമ്മേളനം കോട്ടയം ബ്രദറൺ സഭാഹാളിൽ നടത്തി. സുവി. ചാണ്ടപിള്ള ഫിലിപ്പ് മുഖ്യസന്ദേശം അറിയിച്ചു.

## സോദരീ സമാജം കുമ്പനാട് സെന്റർ പ്രാർത്ഥനാസമ്മേളനം നടത്തി

**കുമ്പനാട്:** കുമ്പനാട് ബ്രദറൺ സഭാഹാളിൽ വെച്ച് 2024 ഏപ്രിൽ 3,4,5 തീയതികളിൽ രാവിലെ 10.00 മുതൽ വൈകുന്നേരം 3.30 വരെ കുമ്പനാട് സെന്റർ സോദരീസമാജത്തിന്റെ ആഭിമുഖ്യത്തിൽ സഹോദരിമാരുടെ ആത്മീക ഉണർവിനെ ലക്ഷ്യമാക്കി ഒരു പ്രാർത്ഥന സമ്മേളനം നടത്തി. എല്ലാ ദിവസവും സഹോദരി ബെറ്റിജോൺ കുര്യൻ കോട്ടയം ബൈബിൾ ക്ലാസുകൾ എടുത്തു.

## സുവിശേഷയോഗവും ബാലസംഘം സൗത്ത് ഡിവിഷൻ പ്രാർത്ഥനായോഗം

**കുമ്പനാട് :** SBS South Division ന്റെയും പ്രാദേശിക ബ്രദറൺ സഭകളുടെയും ചുമതലയിൽ 2024 സെപ്റ്റംബർ 18 ബുധനാഴ്ച വൈകുന്നേരം മുതൽ 21 ശനിയാഴ്ച വരെ പുത്തൻകാവ് ക്യാമ്പ് സെന്ററിൽ വച്ച് പത്താം ക്ലാസ് വരെയുള്ള കുട്ടികൾക്കായി ഒരു ക്യാമ്പ് നടത്തുന്നു.

## സുവിശേഷൻ ബാലസംഘം തിരുവനന്തപുരം സെൻ്റർ ക്യാമ്പ് നടത്തി

**തിരുവനന്തപുരം :** 2024 ഏപ്രിൽ 16 ന് ഉറിയാക്കോട്, മരത്തകിടി സത്യവേദ സെമിനാരിയിൽ വച്ച് നടത്തി. ബി വിന്നേഴ്സ് എന്ന തീമിനെ ആസ്പദമാക്കിയുള്ള, ക്ലാസുകളാണ് നടത്തപ്പെട്ടത്. ഒട്ടനവധി കുഞ്ഞുങ്ങളുടെ ആത്മരക്ഷയ്ക്കും, ആത്മീയ വർദ്ധനവിനും കഴിഞ്ഞ നാളുകളിലെ ക്യാമ്പുകൾ മുഖാന്തരമായി എന്നുള്ളത് സ്തോത്രത്തോടെ ഓർക്കുന്നു.

## ബ്രദറൺ ചർച്ച് വളകോട്

**വളകോട് :** 2004 ൽ ഇടുക്കി ജില്ലയിൽ ഉപ്പുതറയ്ക്ക് സമീപം വളകോട് എന്ന സ്ഥലത്ത് സുവി: പി. വി വർഗീസ് കുടുംബവും താമസിച്ചു പ്രവർത്തിച്ചുണ്ടായ സഭയാണ് വളകോട് ക്രിസ്ത്യൻ ബ്രദർറൺ ചർച്ച്, വിവിധ പ്രവർത്തനങ്ങളിലൂടെ നാല്പതോളം ആളുകൾ കർത്തൃമേശയിൽ പങ്കെടുക്കുന്ന ഒരു കൂടിവരവ് ഇന്നിവിടെയുണ്ട്. ഒരു വാടക ഭവനത്തിൽ തുടങ്ങി വച്ച പൊതുകുടി വരവുകളും ആരാധനയും സ്ഥല പരിമിതി മൂലം ഏറെ ബുദ്ധിമുട്ടുള്ളാതാക്കി. ദീർഘ വർഷങ്ങളിലെ പ്രാർത്ഥനയും പരിശ്രമവും കൊണ്ട് ദൈവജനത്തിന്റെ സഹായത്താൽ സ്റ്റുവാർഡ് അസോസിയേഷന്റെ പേരിൽ 10 സെന്റ് സ്ഥലം വാങ്ങുവാൻ സാധിച്ചു. തറ കെട്ടി ഭിത്തിയുടെ പണിവരെ പൂർത്തിയാക്കി. തുടർപണിക്കാവശ്യമായ സാധന സമഗ്രികൾ വാങ്ങുവാൻ മാത്രം 11 ലക്ഷം രൂപയെങ്കിലും ആവശ്യമായി വരുമെന്ന് അറിയുന്നു. ഇവിടെയുള്ള വിശ്വാസികൾ മിക്കവരും സാധാരണക്കാരും സാമ്പത്തിക ബുദ്ധിമുട്ട് ഉള്ളവരുമാണ്. ദൈവജനത്തിന്റെ മുമ്പാകെ ഈ എളിയ വിശ്വാസികളുടെ വലിയ ആവശ്യം പ്രർത്ഥനപൂർവ്വം പരിഗണിക്കുകയും, സഹായിക്കുകയും ചെയ്യുവാൻ കർത്തൃനാമത്തിൽ വളകോട് സഭ അഭ്യർത്ഥിക്കുന്നു.

Bank Account Details
1.P.P Varghese
2.Babu C. K.
A/c No. 12280100326077
IFSC Code: FDRL0001228
Federal Bank
Upputhara Branch

SATHYAM MINISTRIES
WE CARE FOR THE BODY & THE SOUL
ESTD: 1988
www.sathyam.org

# യേശുവിന്റെ ജീവവചനം

YESUVINTE JEEVAVACHANAM

Date of Publications : 25.03.2024
RNI Reg. No. KERMAL/2012/42077
Postal Reg.No:KL/TLA/236/2024-26
Licence No :KL/TLA/WPP/192/2024-26

അക്ഷരത്തിലൂടെ ആത്മാക്കൾ

## സത്യം മിനിസ്ട്രീസ് മാഗസിൻ ട്രെയിനിങ്

**ബാംഗ്ലൂർ:** സത്യം മിനിസ്ട്രീസും മാഗസിൻ ട്രെയിനിങ് ഇന്റർനാഷണലും സംയുക്തമായി ത്രിദിന മാഗസിൻ ട്രെയിനിങ് വർക്ക്ഷോപ്പ് നടത്തുന്നു. ബാംഗളൂരു കൃലാസനഹള്ളി SAIACS ക്യാമ്പസിലെ CEO സെന്ററിലാണ് ട്രെയിനിങ് ക്രമീകരിച്ചിരിക്കുന്നത്. ഏപ്രിൽ 29 മുതൽ മെയ് 1 വരെ നടക്കുന്ന ട്രെയിനിങിൽ ഡിജിറ്റൽ പബ്ലിഷിങ് മേഖലയിൽ ലോകമെമ്പാടും ക്ലാസുകൾ നയിക്കുന്ന കഴിവുറ്റ പരിശീലകരായ ഡേവിഡ് ബനാർഡ് (യു. എസ്. എ) ഡോ. മാർക്കോസ് സിമാസ്(ബ്രസീൽ) എന്നിവർ ക്ലാസുകൾ നയിക്കും.

ഡിജിറ്റൽ ടൂളുകളുടെ ഉപയോഗം, പ്രസിദ്ധീകരണങ്ങളുടെ റീച്ച് വർദ്ധിപ്പിക്കുക, പ്രസിദ്ധീകരണങ്ങൾ പ്രമോട്ട് ചെയ്യുന്നതിനുള്ള സോഷ്യൽ മീഡിയ ഉപയോഗങ്ങൾ, ആനുകാലിക ആശയ അവതരണം തുടങ്ങിയ നിരവധി വിഷയങ്ങളെ ആസ്പദമാക്കിയാണ് ക്ലാസുകൾ. ട്രെയിനേഴ്സിനോട് നേരിട്ട് സംശയ നിവാരണം നടത്താൻ അവസരമുണ്ടായിരിക്കും. കൂടാതെ ട്രെയിനിങ് സമയത്ത് വിദ്യാർത്ഥികൾക്ക് കോഴ്സ് മെറ്റീരിയലുകൾ ലഭ്യമാണ്. എല്ലാ സെഷനുകളും പൂർത്തിയാക്കുന്ന വിദ്യാർത്ഥികൾക്ക് മാഗസിൻ ട്രെയിനിങ് ഇന്റർനാഷണലിന്റെ സർട്ടിഫിക്കറ്റ് നൽകുന്നതാണ്. ഏപ്രിൽ 12ന് മുമ്പ് കോൺഫറൻസിലേക്ക് രജിസ്റ്റർ ചെയ്യുന്നവർക്ക് 5439 രൂപയാണ് ഫീസ്, ഏപ്രിൽ 12ന് ശേഷം 6439 അടച്ച് രജിസ്റ്റർ ചെയ്യേണ്ടതാണ്. രജിസ്റ്റർ ചെയ്യുന്നവർക്ക് ഉച്ചഭക്ഷണം ലഘുഭക്ഷണം എന്നിവ ലഭ്യമാണ്.

താമസം സൗകര്യം വേണ്ടവർക്ക് സി. ഇ. ഓ സെന്ററിൽ റൂമുകൾ ലഭ്യമാണ്, റൂമുകൾക്ക് പ്രത്യേക ഫീസ് ഉണ്ടായിരിക്കും.

കൂടുതൽ വിവരങ്ങൾക്കായി ബന്ധപ്പെടുക
email : admin@sathyamministry.org
Phone : 7034749000

## ജി. റ്റി. സി. ഗ്രാജ്യുവേഷൻ




**പെരുമ്പാവൂർ:** ജി. റ്റി. സി യുടെ സർട്ടിഫിക്കറ്റ് ദാന ശുശ്രൂഷ വളരെ അനുഗ്രഹമായി നടന്നു. ചെയർമാൻ അലകസ് ബേബി, ബിനു ബേബി, ലാൽ തോമസ്, ഇ. ജി. ബെന്നി, ജീജോയി വറുഗീസ്, ജസ്റ്റസ് സാമുവേൽ, എബ്രഹാം ചെമ്പോല മുതലായവർ വിവിധ ശുശ്രൂഷകൾ നിർവഹിച്ചു. വിവിധ സ്ഥലം സഭകളിൽ നിന്നും അനേകം സഹോദരങ്ങൾ കടന്നുവന്ന് അനുഗ്രഹകരമാക്കി. തുടർന്ന് ഏപ്രിൽ 21 മുതൽ മെയ് 19 വരെ ഒരു മാസത്തെ ഹിന്ദി കോഴ്സ് വെസ്റ്റ് ബംഗാളിൽ നടക്കുന്നു. തുടർന്ന് ജൂൺ 9 ന് രണ്ടു വർഷത്തെ ഇംഗ്ലീഷ് മീഡിയം ബാച്ച് തുടങ്ങും. എല്ലാവരും സ്തോത്രം ചെയ്യുക പ്രാർത്ഥിക്കുക.

## ന്യൂഡൽഹിയിൽ സത്യം പബ്ലിക്കേഷൻസിന്റെ പുതിയ പുസ്തകശാല ആരംഭിച്ചു




**ന്യൂഡൽഹി:** പുസ്തകങ്ങളുടെ വൻ ശേഖരവുമായി ന്യൂഡൽഹി ആൽഫാ ഗാർഡനിൽ (Alpha Garden opp. B.I. Kapoor Hospital Gate No.1, Metro Pillas No. 136 ) ആരംഭിച്ച സത്യം പബ്ലിക്കേഷൻസിന്റെ പുതിയ പുസ്തകശാല ആരംഭിച്ചു സുവിശേഷകൻ പി. ജി. വർഗീസ് ഉദ്ഘാടനം ചെയ്തു. പുസ്തകശാല സത്യം മിനിസ്ട്രീസ് അഡ്മിനിസ്ട്രേറ്റർ സിസ്റ്റർ ഷൈല ജോർജ് ആദ്യ വിൽപ്പന നിർവഹിച്ചു. ഉദ്ഘാനത്തോടനുബന്ധിച്ച് ഏപ്രിൽ 8 മുതൽ 14 വരെ ബുക്ക് ഫെയറും സ്പെഷ്യൽ ഓഫറുകളും ഒരുക്കിയിട്ടുണ്ട്.

## മണിപ്പൂർ വിദ്യാർത്ഥികൾക്ക് സ്വീകരണം നല്കി





**തിരുവല്ല:** കലാപ ബാ ധിത പ്രദേശമായ മണിപ്പൂരിൽ നിന്നും 50 വിദ്യാർ ത്ഥികൾ പഠനത്തിനായി സത്യം മിനിസ്ട്രീസിൽ എത്തി ച്ചേർന്നു. ഏപ്രിൽ രണ്ടാം തീയതി എത്തിച്ചേർന്ന വിദ്യാർത്ഥികളെ തിരുവല്ല സത്യം മിനിസ്ട്രീസ് ഭരണ സമിതിയംഗങ്ങൾ സ്വീകരിച്ചു. ഏ പ്രിൽ 4–ാം തീയതി 6 മണിക്ക് ജസ്റ്റിന്റസ് ഹോമിൽ നടന്ന സ്വീകരണ യോഗത്തിൽ വിദ്യാർത്ഥികൾ വിവിധ കലാപരിപാടികൾ അവതരിപ്പിച്ചു. മണിപ്പൂരിൽ അവർ അനുഭവിച്ച ദുരന്തങ്ങൾ വിവരിച്ചു. വിദ്യാർത്ഥികൾക്ക് ആവശ്യമായ താമസംഭക്ഷണം മറ്റ് സൗകര്യങ്ങൾ സത്യം സർവീസ് ട്രസ്റ്റ് ഏറ്റെടുത്തിട്ടുണ്ട്.

സത്യം മിനിസ്ട്രീസ് ട്രസ്റ്റ് ചെയർമാൻ ഡോ. സി. വി. വടവനയുടെ അ ദ്ധ്യക്ഷതയിൽ കൂടിയ സമ്മേളനം ഡോ. തോമസ് മാർ കൂറീലോസ് മെത്രാപൊലിത്താ ഉദ്ഘാടനം ചെയ്തു. ഡോ. ഗീവർ ഗ്ഗീസ് മാർ കൂറീലോസ് മുഖ്യ പ്രഭാഷണം നടത്തി. മണിപ്പൂരി വിദ്യാർത്ഥികൾ ഗാനങ്ങൾ ആലപിച്ചു. എം. എൽ. എ. മാത്യു റ്റി തോമസ്, കെ.പി. ഉദയഭാനു, രാജു എബ്രഹാം, റവ. സി. പി. മോനായ്, എം. ഡി. ദിനേഷ് കുമാർ, റവ. ജെ. ജോസഫ്, ഫാ. മാത്യു പുനക്കുളം, എം. സലീം, അച്ചൻകുഞ്ഞ് ഇലന്തൂർ തുടങ്ങിയവർ ആശംസകൾ നേർന്നു സംസാരിച്ചു.

മണിപ്പൂരിലെ വർഗീയ കലാപം തുടങ്ങിയപ്പോൾ മുതൽ സത്യം സർവീസ് ട്രസ്റ്റ് വിവിധ നിലകളിൽ റിലീഫ് പ്രവർത്തനങ്ങൾ നടത്തുകയും അവർക്കു വേണ്ട സഹായങ്ങൾ എത്തിക്കുകയും ചെയ്തിരുന്നു. മണിപ്പൂരിൽ നിന്നും എത്തിയ 50 വി ദ്യാർത്ഥികൾ ഇപ്പോൾ അവരുടെ ശോഭനമായ ഭാവിസ്വപ്നം കാണുന്നു. മാതാപിതാക്കൾ നഷ്ടപ്പെട്ടവരും സഹോദരി സഹോദൻമാർ നഷ്ടപ്പെട്ടവരും ഉറ്റവർ എവി ടെയെന്നറിയാത്തവരും ഈ കൂട്ടത്തിലുണ്ട്.

Printed & Published by SAM.C.VADAVANA and Owned by CHACKO VARGHESE VADAVANA and Printed at Sathyam Press, Manackachira, Thottabhagom.P.O., Thiruvalla , District Pathanamthitta, Kerala and published at Thottabhagom, Thiruvalla, Yesvinte Jeevavachanam,Thottabhagom P.O.,Thiruvalla-689541, District-Pathanamthitta, Kerala.
Editor: DR..CHACKO VARGHESE VADAVANA.